# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 02 നവംബർ–2011 ലക്കം 11**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


സർക്കുലർ ........................................................................ 03

സർക്കുലർ (ദീപിക ശതോത്തര ജൂബിലി ആഘോഷം) 11

മാർപാപ്പയുടെ മാധ്യമദിനസന്ദേശം .......................... 15

സർക്കുലർ (സുരക്ഷാ ക്ഷേമപദ്ധതി) ...................... 23

സർക്കുലർ (മിഷൻ ഫണ്ട്) ........................................ 27

രൂപതാകച്ചേരി വാർത്തകൾ ...................................... 30

പ്രേഷിതവർഷം .............................................................. 32

മതബോധനരംഗം ........................................................... 37

ബൈബിൾ അപ്പോസ്തലേറ്റ് ......................................... 40

ചെറുപുഷ്പമിഷൻലീഗ് ................................................ 43

കെ. സി. വൈ. എം. ......................................................... 59

കുടുംബപ്രേഷിതത്വം .................................................. 68

സിയോൻ വാർത്തകൾ ..................................................... 73

ജീസസ് യൂത്ത്, ക്രിസ്റ്റീൻ .......................................... 76

വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 78

ജയിൽ മിനിസ്ട്രി ........................................................ 81

റേഡിയോ മാറ്റൊലി ..................................................... 83

മീഡിയാ കമ്മീഷൻ ...................................................... 84

പി. ആർ. ഒ. ..................................................................... 85

Mary Matha arts & science college ...................................... 86

അറിയിപ്പുകൾ ................................................................. 88

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 90

ബിഷപ്പ്സ് പ്രോഗ്രാം ..................................................... 91

# സർക്കുലർ

***Prot. No.1432/2011***

ഈശോമിശിഹായിൽ പ്രിയ വൈദീകരെ, സന്യസ്തരെ, പ്രിയ സഹോദരീ സഹോദരന്മാരെ,

സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് എന്ന നിലയിൽ ഈ സഭയുടെ മുഖ്യ ശുശ്രൂഷകനായി ദൈവകൃപയാൽ നിയോഗിക്കപ്പെട്ടതിനുശേഷം നമ്മുടെ സഭയിൽ നടന്ന പ്രധാന സംഭവം ഇക്കഴിഞ്ഞ ആഗസ്റ്റ് 17 മുതൽ 27 വരെ സഭാ കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച മെത്രാന്മാരുടെ സിനഡാണ്. നമ്മുടെ സഭയിലെ 19–ാ മത്തെ സിനഡിന്റെ മൂന്നാം സമ്മേളനമായിരുന്നു അത്. ഈ സിനഡിനെ സംബന്ധിച്ച പൊതുവായ ചില കാര്യങ്ങൾ ഈ കത്തിലൂടെ നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ വിലപ്പെട്ട പ്രാർത്ഥനയ്ക്കും സ്നേഹത്തിനും ആദ്യം തന്നെ ഞാൻ നന്ദി പറയുന്നു.

പതിവുപോലെ, സിനഡിന്റെ ആദ്യദിവസം ഉച്ചവരെയുള്ള സമയം പ്രാർത്ഥിച്ചും ധ്യാനിച്ചും ഞങ്ങളെല്ലാവരും ആത്മീയമായി ഒരുങ്ങി ഒന്നുചേർന്ന് വി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് സിനഡ് സമ്മേളനം ഔദ്യോഗികമായി ആരംഭിച്ചു. വിശ്രമ ജീവിതം നയിക്കുന്ന രണ്ട് മൂന്ന് മെത്രാൻമാർ ഒഴികെ എല്ലാപിതാക്കന്മാരും സിനഡിൽ സംബന്ധിക്കുകയുണ്ടായി

കഴിഞ്ഞ സിനഡിനുശേഷം നാമെല്ലാവരേയും ദു:ഖത്തിലാഴ്ത്തിക്കൊണ്ട് നമുക്കെല്ലാവർക്കും പ്രിയങ്കരനായിരുന്ന മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് നമ്മെ വിട്ടുപിരിഞ്ഞ് സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് യാത്രയായി. അതുപോലെ തന്നെ ഉജ്ജയിൻ മിഷൻ രൂപതയുടെ പ്രഥമ മെത്രാനായി ദീർഘകാലം

ശുശ്രൂഷ ചെയ്ത അഭിവന്ദ്യ ജോൺ പെരുമറ്റം പിതാവും നമ്മെ വിട്ടു പിരിഞ്ഞു. ഈ രണ്ട് പിതാക്കന്മാരേയും പ്രാർത്ഥനകളിൽ നമു ക്കോർക്കാം

വർക്കിപിതാവിന്റെ മരണത്തെതുടർന്ന് സഭയുടെ അഡ്മിനി സ്ട്രേറ്റർ ആയി ചുമതല വഹിച്ച അഭിവന്ദ്യ ബോസ്ക്കോ പുത്തൂർ പിതാവ് പുതിയ മേജർ ആർച്ച് ബിഷപ്പിന്റെ സ്ഥാനാരോഹണം വരെയുള്ള ഇടവേളയിൽ എല്ലാ കാര്യങ്ങളും വളരെ ഭംഗിയായി നിർവ്വ ഹിക്കാൻ നേതൃത്വം നൽകിയത് ഏറെ സന്തോഷത്തോടും നന്ദിയോടും കൂടി ഞാൻ അനുസ്മരിക്കുന്നു. സിനഡിന്റെ പുതിയ സെക്രട്ടറിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ട കാര്യവും അറിയിക്കട്ടെ.

ദൈവദാസൻമാരായ മാർ കുര്യാളശ്ശേരി പിതാവും മാത്യു കദളി ക്കാട്ട് അച്ചനും ധന്യപദവിയിലേയ്ക്ക് ഉയർത്തപ്പെട്ടതിന് നമുക്ക് ദൈവ ത്തോട് നന്ദി പറയാം. ഈ വർഷം പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ ചിറ്റിലപള്ളി പിതാവിനേയും പഴയാറ്റിൽ പിതാവിനേയും പുന്നക്കോട്ടിൽ പിതാവിനേയും ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യാം. സീറോ മലബാർ സഭയിലെ പ്രഥമ കർദ്ദി നാളായ പാറേക്കാട്ടിൽ പിതാവിന്റേയും മലബാറിലെ കുടിയേറ്റ ജനത യുടെ പിതാവായ വള്ളോപ്പിള്ളി പിതാവിന്റേയും ജന്മശതാബ്ദി വർഷ മാണിത്. അവരുടെ വിലപ്പെട്ട സഭാശുശ്രൂഷയെ നന്ദിപൂർവ്വം അനുസ്മ രിച്ച് അവർക്കുവേണ്ടിയും പ്രാർത്ഥിക്കാം

പരിശുദ്ധ പിതാവിനെ സന്ദർശിക്കുന്നതിനായി ഒക്ടോബർ മാസ ത്തിൽ ഞാൻ റോമിലേയ്ക്ക് പോകുന്നതാണ്. ഒക്ടോബർ 17 ആണ് സന്ദർശനദിവസം. ബന്ധപ്പെട്ട മറ്റ് വത്തിക്കാൻ കാര്യാലയങ്ങളും സന്ദർശിക്കുന്നതാണ്. ഈ സന്ദർശനം നമ്മുടെ സഭയെ സംബന്ധിച്ചി ടത്തോളം ഏറ്റവും അനുഗ്രഹപ്രദമാകാൻ നിങ്ങളെല്ലാവരുടേയും പ്രാർത്ഥന പ്രത്യേകമായി ഞാൻ അഭ്യർത്ഥിക്കുന്നു.

**മിഷൻ രൂപതകൾ**

13 മിഷൻ രൂപതകളാണ് സീറോ മലബാർ സഭയിൽ ഇപ്പോൾ ഉള്ളത്. കേരളത്തിലെ സീറോമലബാർ രൂപതകൾ ഈ മിഷൻ രൂപത കളെ ദത്തെടുത്ത് വിവിധ രീതിയിൽ സഹായിക്കുകയും പ്രോത്സാഹി പ്പിച്ച് വളർത്തുകയും ചെയ്യുന്നു. പ്രാർത്ഥനാസഹായം, സാധിക്കുന്ന വിധമുള്ള ധനസഹായം, വൈദീകരുടേയും സമർപ്പിതരുടേയും സേവനം, പ്രേഷിത ദൈവവിളി പ്രോത്സാഹനം, പരസ്പരസന്ദർശനം

തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെയാണ് മിഷൻ രൂപതകളുടെ വളർച്ച യ്ക്കായി മാതൃസഭയിലെ രൂപതകൾ ശ്രമിക്കുന്നത്. ഈ സഹായ സഹ കരണങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിക്കൊണ്ട് മിഷൻ രൂപതകളെ പ്രോത്സാഹിപ്പിക്കാനും ഹൃദ്യമായ ബന്ധം ആഴപ്പെടുത്താനും ഈ പ്രേഷിതവർഷത്തിൽ എല്ലാവരും ഉത്സാഹിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു.

**പ്രേഷിതവർഷാചരണം**

പ്രേഷിതവർഷാചരണത്തെ സംബന്ധിച്ച് വ്യക്തമായ ചില മാർഗ്ഗ നിർദ്ദേശങ്ങൾ നേരത്തെ നൽകിയിട്ടുള്ളതാണല്ലോ. കൂടാതെ പ്രേഷിത വർഷാചരണത്തിന്റെ കർമ്മ പരിപാടി വിശദീകരിച്ചുകൊണ്ട് അതിന്റെ ചുമതല വഹിക്കുന്ന കേന്ദ്ര കമ്മിറ്റി തയ്യാറാക്കിയ ലഘുലേഖയും പ്രസി ദ്ധീകരിച്ച് നൽകിയിട്ടുള്ളതാണ്. അതനുസരിച്ച് എല്ലാ രൂപതകളിലും ഉചിതമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണ മെന്ന് അഭ്യർത്ഥിക്കുന്നു. മിഷൻ രൂപതകൾക്കുവേണ്ടിയുള്ള പ്രാർത്ഥന, മിഷൻ അവബോധം വളർത്തുന്ന പരിപാടികൾ, മിഷനറി സംഗമങ്ങൾ, മിഷൻ ഇടവകകളെ ദത്തെടുക്കൽ, മിഷൻ പ്രദേശങ്ങളിലെ കുടുംബ ങ്ങൾ സന്ദർശിക്കൽ, സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ, ആദിവാസി സമൂഹങ്ങളിലെ മിഷൻ പ്രവർത്തനം, മിഷൻ ഡയറക്ടറി, ഇടവകക ളിലെ മിഷൻ ധ്യാനങ്ങൾ തുടങ്ങിയ കർമ്മ പരിപാടികൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്നവയാണ്. ആഗസ്റ്റു മാസം 21-ാം തീയതി കൊടുങ്ങല്ലൂരിൽ വെച്ച് എല്ലാ പിതാക്കന്മാരും വൈദിക-സന്യസ്ത-അല്മായ പ്രതിനിധികളും ചേർന്ന് വിശുദ്ധ കുർബാന അർപ്പിച്ച് പ്രേഷി തവർഷാചരണത്തിന്റെ സഭാതല ഉദ്ഘാടനം നടത്തുകയുണ്ടായി. തുടർന്ന് അഴീക്കോട്ടു സ്ഥാപിച്ചിരിക്കുന്ന തോമാശ്ലീഹായുടെ തിരുശേ ഷിപ്പ് വണക്കവും നടന്നു. ഇരിങ്ങാലക്കുട രൂപതയുടെ ആതിഥേയത്വ ത്തിലും ഉദ്ഘാടന കർമ്മപരിപാടികൾ വളരെ ഭംഗിയായി നടന്നു എന്ന വസ്തുതയും സന്തോഷപൂർവ്വം അറിയിക്കുന്നു.

**പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലനം**

ദീർഘകാലമായി നാം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രശ്ന മാണല്ലോ വിദേശരാജ്യങ്ങളിലും മറ്റും വസിക്കുന്ന പ്രവാസികളായ സീറോമലബാർ വിശ്വാസികളുടെ അജപാലനം. ഇക്കാര്യത്തിൽ കുറ ച്ചൊക്കെ ചെയ്യാൻ നമുക്കു സാധിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ വൈദി

കരെ ചാപ്ലയിൻമാരായി നിയോഗിക്കാൻ കഴിഞ്ഞു. പല ആവശ്യങ്ങൾ ഇനിയും സാധിച്ചു കിട്ടേണ്ടതുണ്ട്. അതിനായി സിനഡും ബന്ധപ്പെട്ട കമ്മീഷനും ഗൗരവമായി ചിന്തിക്കുകയും പരിശ്രമിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഈ പരിശ്രമങ്ങൾ വിജയിക്കുന്നതിന് നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

## ദിവ്യകാരുണ്യ കോൺഗ്രസ്

അൻപതാം അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് 2012 ജൂൺ 10-17 തീയതികളിൽ അയർലണ്ടിൽ വെച്ച് നടക്കുന്ന കാര്യം ഇതിനോടകം അറിഞ്ഞു കാണുമല്ലോ. സീറോ മലബാർ സഭയിൽ നിന്ന് ഒരു പ്രതിനിധി സംഘം അതിൽ പങ്കെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ദിവ്യകാരുണ്യ കോൺഗ്രസിലൂടെ ലോകത്തിനു മുഴുവൻ കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കാൻ എല്ലാവരും പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## മേജർ സെമിനാരികൾ

സിനഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആലുവ, വടവാതൂർ, കുന്നോത്ത് എന്നീ മേജർ സെമിനാരികളുടെ പ്രവർത്തനങ്ങൾ പ്രത്യേകമായും വൈദികപരിശീലനം പൊതുവായും സിനഡ് വിലയിരുത്തുകയുണ്ടായി. വൈദികപരിശീലനം പൊതുവേ തൃപ്തികരമായി നടക്കുന്നു വെന്നും എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ വർദ്ധിച്ചുവരുന്നു എന്നുമുള്ള റിപ്പോർട്ടുകൾ സെമിനാരികളിലെ റെക്ടറച്ചന്മാർ പങ്കുവയ്ക്കുകയുണ്ടായി. കൂടുതൽ സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുന്നോത്ത് സെമിനാരിയെ സഹായിക്കുന്നതിന് വിവിധ രൂപതകളിലെ തിരഞ്ഞെടുക്കപ്പെട്ട ഇടവകകൾ നൽകിയ സഹകരണം നന്ദിയോടെ അനുസ്മരിക്കുന്നു. വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന വൈദികർക്കായി മംഗലപ്പുഴ സെമിനാരിയിൽ നടന്ന പ്രഥമ തുടർപരിശീലന കോഴ്സ് വളരെ നന്നായിരുന്നതായി പങ്കെടുത്തവർ അഭിപ്രായപ്പെടുകയുണ്ടായി. വൈദികവിദ്യാർത്ഥികളുടെ പരിശീലകരെല്ലാവരും തുടർ പരിശീലന കോഴ്സിൽ പങ്കെടുക്കണമെന്നാണ് സിനഡ് നിശ്ചയിച്ചിരിക്കുന്നത്. സെമിനാരി പരിശീലനത്തിന്റെ പ്രാധാന്യം പരിഗണിച്ച് അതിന്റെ വിവിധ വശങ്ങൾ പഠിച്ച് സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കുന്നതിനുള്ള ക്രമീകരണവും ചെയ്തു കഴിഞ്ഞു. മേജർ സെമിനാരി

യിലേക്കയക്കപ്പെടുന്നതിനു മുമ്പ് വൈദിക വിദ്യാർത്ഥികൾ ബിരുദ പഠനം പൂർത്തിയാക്കിയിരിക്കണമെന്നുള്ള തീരുമാനത്തിൽ സിനഡ് ഉറച്ചു നിൽക്കുന്നതാണ്. പ്രേഷിതവർഷാചരണപരിപാടിയിൽ വൈദിക വിദ്യാർത്ഥികളും സജീവമായി പങ്കുചേരണമെന്നും സീറോമലബാർ സഭയുടെ മിഷൻ നയവും മതബോധനഗ്രന്ഥങ്ങളുടെ ഉള്ളടക്കവും വൈദികവിദ്യാർത്ഥികൾ നന്നായി അറിഞ്ഞിരിക്കണമെന്ന കാര്യവും അവരുടെ ശ്രദ്ധയിൽ പെടുത്തുന്നു.

സെമിനാരികളിൽ ബൈബിൾ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ടെങ്കിലും വൈദികരുടെ വചനപ്രഘോഷണം പൊതുവേ ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്ന് സിനഡ് വിലയിരുത്തി. അതിന് വൈദികപരിശീലനത്തിൽ സമഗ്രമായ ഒരു നവീകരണം ആവശ്യമാണെന്നും ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും സിനഡ് ചിന്തിക്കുന്നു.

വൈദിക വിദ്യാർത്ഥികൾ ചെയ്യുന്ന ആരാധനക്രമസംബന്ധമായ ശുശ്രൂഷകളെ സംബന്ധിച്ച് ചില ആശയക്കുഴപ്പങ്ങൾ ഇപ്പോൾ നിലവിലുള്ളതായി അറിയുന്നു. തങ്ങൾ സ്വീകരിച്ചിട്ടുള്ള പട്ടത്തിനനുസരിച്ചുള്ള ശുശ്രൂഷകളാണ് അവർ ചെയ്യേണ്ടിയിരിക്കുന്നത്. ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ ബന്ധപ്പെട്ടവരെ ഞാൻ അറിയിക്കുന്നതാണ്.

### നിയമകാര്യങ്ങൾ

വിവാഹം ആശീർവ്വദിക്കുക തുടങ്ങിയ അജപാലനപരമായ കാര്യങ്ങളെ സംബന്ധിച്ച സഭാ നിയമങ്ങളിലെ ചില അവ്യക്തതകൾ സിനഡ് ചർച്ച ചെയ്ത് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി. അവയുടെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### തെയദോറിന്റെ അനാഫൊറ

നമ്മുടെ സഭയുടെ കുർബാന ക്രമത്തിൽ ആകെ മൂന്ന് അനാഫൊറകളാണുള്ളത്. അവയിൽ ആദ്യത്തേതായ ശ്ലീഹന്മാരുടെ (അദ്ദായി-മാറി അനാഫൊറ) അനാഫൊറയാണ് നാമിപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. രണ്ടാമത്തെ അനാഫൊറ തെയദോറിന്റെ അനാഫൊറ എന്നാണ് അറിയപ്പെടുന്നത്. അതിന്റെ ക്രമം സിനഡിന്റെ ലിറ്റർജികമ്മീഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്രലിറ്റർജി കമ്മിറ്റി തയ്യാറാക്കുകയും രൂപതകളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരി

ഗണിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും, സിനഡ് അത് സമഗ്ര മായ പരിചിന്തനത്തിനും ചർച്ചയ്ക്കും വിധേയമാക്കി ചില ഭേദഗതിക ളോടെ അംഗീകരിക്കുകയും ചെയ്തിരിക്കുകയാണ്. ഓരോ രൂപതയിലും തിരഞ്ഞെടുക്കപ്പെട്ട ഒരു സമൂഹത്തോട് ചേർന്ന്, രൂപതാദ്ധ്യക്ഷന്റെ മേൽ നോട്ടത്തിൽ പരീക്ഷണാർത്ഥം ഈ ടെക്സ്റ്റ് ഉപയോഗിച്ച് പ്രാർത്ഥിക്കുകയും (dry mass) അത് വിലയിരുത്തിക്കൊണ്ടുള്ള റിപ്പോർട്ട് അടുത്തുവരുന്ന സിനഡിൽ അവതരിപ്പിക്കുകയും ചെയ്യണമെന്നും സിനഡ് തീരുമാനിച്ചിരിക്കുകയാണ്. ഉചിതമായ ബോധനം നടത്തി ടെക്സ്റ്റ് പരിചയപ്പെടുത്തിയിട്ടുവേണം ഇപ്രകാരം ചെയ്യുവാൻ. ഇപ്ര കാരം ലഭിക്കുന്ന റിപ്പോർട്ടുകൾ വേണ്ടവിധം പരിശോധിച്ചതിനുശേഷം അനാഫൊറയുടെ ടെക്സ്റ്റ് അംഗീകാരത്തിനായി റോമിൽ സമർപ്പിക്കു ന്നതാണ്.

## കമ്മീഷനുകൾ

വിവിധ കമ്മീഷനുകൾ, കമ്മിറ്റികൾ തുടങ്ങിയവയുടെ നേതൃത്വ ത്തിലാണ് സിനഡിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടക്കുന്നത്. അവയുടെ പ്രവർത്തന റിപ്പോർട്ടുകൾ സിനഡിൽ അവതരിപ്പിച്ച് വില യിരുത്തുകയും ഭാവിപ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## റോമിൽ പ്രൊക്കുറാ (Procura) യ്ക്ക് ഒരു ആസ്ഥാനം

സീറോമലബാർ സഭാസംബന്ധമായ കാര്യങ്ങൾക്ക് വത്തിക്കാൻ കാര്യാലയവുമായി ബന്ധപ്പെടുന്നതിനും മറ്റും സൗകര്യപ്രദമായ ഒരു സ്ഥലം റോമിൽ നമുക്ക് സ്വന്തമായി ഇനിയും ഉണ്ടായിട്ടില്ല. അതിന് യോജിച്ച ഒരു സ്ഥലം ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്. അത് വാങ്ങിക്കു ന്നതിനുള്ള തീരുമാനം സിനഡ് എടുക്കുകയുണ്ടായി. അതിനാവശ്യ മായ പണം കണ്ടെത്തേണ്ടിയിരിക്കുന്നു. നമ്മുടെ സഭയിലെ എല്ലാ വിഭാ ഗങ്ങളും ഇക്കാര്യത്തിൽ സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. അതിന്റെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## കൂരിയായുടെ പ്രവർത്തനം

നമ്മുടെ സഭാകേന്ദ്രത്തിൽ കൂരിയായുടെ (ഭരണ കാര്യാലയം) പ്രവർത്തനത്തെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സിനഡ് ചർച്ച ചെയ്ത് അംഗീകരിച്ചു. ദീപികപത്രത്തിന്റെ നടത്തിപ്പ്, കേരളത്തിലെ സാമൂഹിക, രാഷ്ട്രീയ രംഗം, സഭയുടെ കേന്ദ്രകാര്യാലയത്തിൽ ഇനിയും

പൂർത്തീകരിക്കപ്പെടേണ്ട ക്രമീകരണങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങളും സിനഡ് ചർച്ച ചെയ്യുകയുണ്ടായി.

**ഭക്താനുഷ്ഠാനങ്ങൾ**

നമ്മുടെ സഭയിലെ ഭക്താനുഷ്ഠാനങ്ങളെ സംബന്ധിച്ച് സിനഡ് ചർച്ച ചെയ്തു. അവ സംബന്ധിച്ച് കൂടുതൽ പഠിച്ച് തീരുമാനങ്ങൾ എടുക്കണമെന്നാണ് സിനഡ് പൊതുവേ അഭിപ്രായപ്പെട്ടത്.

**വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങൾ**

വത്തിക്കാൻ കൗൺസിലിന്റെ സുവർണ്ണ ജൂബിലി സമാഗതമാകുന്ന ഈ അവസരം, കൗൺസിലിന്റെയും അതിനുശേഷമുള്ള സഭാപ്രബോധനങ്ങൾ എത്രമാത്രം നമ്മുടെ സഭയിൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞു എന്നതിനെക്കുറിച്ച് വസ്തുനിഷ്ഠമായൊരു പഠനത്തിന് ഉപയോഗപ്പെടുത്തണമെന്ന് സിനഡ് ചർച്ച ചെയ്ത് തീരുമാനിക്കുകയും അതിന് നേതൃത്വം കൊടുക്കുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

**റോമൻ സിനഡ്**

2012-ൽ നടക്കുന്ന സിനഡിന്റെ വിഷയമായ നവസുവിശേഷവത്ക്കരണത്തെ സംബന്ധിച്ച് രൂപതകളിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങളും കൂടി പരിഗണിച്ച് ചർച്ച നടത്തി. ഈ വിഷയത്തെക്കുറിച്ചുള്ള നമ്മുടെ സഭയുടെ പ്രതികരണം റോമിലേക്ക് അയച്ചു കൊടുക്കേണ്ടതുണ്ട്. ഒരു കമ്മിറ്റിയുടെ സഹായത്തോടെ പ്രതികരണം തയ്യാറാക്കി യഥാസമയം അയച്ചുകൊടുക്കുന്നതാണ്.

**മേജർ ആർച്ചുബിഷപ്പ് പാപ്പായെ സന്ദർശിക്കുന്നത്**

സീറോമലബാർ സഭയുടെ പുതിയ തലവനായി തിരഞ്ഞെടുക്കപ്പെട്ട മേജർ ആർച്ചുബിഷപ്പ് മാർപാപ്പയെ ആദ്യം സന്ദർശിക്കുന്നത് ഒരു പ്രധാന സംഭവമായിട്ടാണ് കരുതപ്പെടുന്നത്. അതനുസരിച്ച് ഒക്ടോബർ 17 ന് മാർപാപ്പയെ സന്ദർശിക്കുന്നതിനുള്ള ക്രമീകരണം ചെയ്തിരിക്കുകയാണ്. എന്നോടൊപ്പം സ്ഥിരസിനഡിലെ അംഗങ്ങളും കൂരിയാമെത്രാനും എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാനും ഉണ്ടായിരിക്കുന്നതാണ്. പാപ്പായെ കൂടാതെ പല വത്തിക്കാൻ കാര്യാലയങ്ങളും ഞങ്ങൾ സന്ദർശിക്കുന്നതാണ്. ഈ സന്ദർശനം നമ്മുടെ സഭയ്ക്ക് ഏറെ പ്രയോജനപ്രദമാകാൻ എല്ലാവരുടെയും പ്രാർത്ഥന ഞാൻ അഭ്യർത്ഥിക്കുന്നു.

### പുതിയ കമ്മീഷൻ

സഭാജീവിതത്തിലും സഭയുടെ ദൗത്യത്തിലും സമർപ്പിതരുടെ സജീവപങ്കാളിത്തം ഉണ്ടായിരിക്കുക എന്ന ലക്ഷ്യത്തോടെ സമർപ്പിത സമൂഹങ്ങൾക്കുവേണ്ടി പുതിയൊരു കമ്മീഷന് രൂപം കൊടുത്തിരിക്കുന്ന കാര്യവും സന്തോഷത്തോടെ അറിയിക്കുന്നു.

ഞാൻ മേജർ ബിഷപ്പായതിനുശേഷം നടന്ന ഈ പ്രഥമ സിനഡിന്റെ വിജയത്തിനായി പ്രാർത്ഥിച്ചവർക്കും സഹകരിച്ചവർക്കും ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു. 27-ാം തീയതി വൈകുന്നേരം 6 മണിക്ക് സീറോ മലബാർ സഭയുടെ 19-ാം സിനഡിന്റെ മൂന്നാം സെഷൻ ഔദ്യോഗികമായി പര്യവസാനിച്ചു. സിനഡിലൂടെ ലഭിച്ച ദൈവകൃപയ്ക്ക് നമുക്കെല്ലാവർക്കും ദൈവത്തോട് നന്ദിയുള്ളവരായിരിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യാം.

എന്ന്, മിശിഹായിൽ സ്നേഹപൂർവ്വം

**മാർ ജോർജ്ജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

---

**NB:- ഈ സർക്കുലർ 2011 നവംബർ മാസം 6-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 7/2011***
***Prot. No.11541/2011***

## ദീപിക ശതോത്തര ജൂബിലി ആഘോഷം

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

കേരളത്തിൽ ആദ്യമായി വായനക്കാരുടെ കൈകളിലെത്തിയ ദിനപ്പത്രമാണ് ദീപിക. 1887 ൽ *നസ്രാണി ദീപിക* എന്ന പേരിലാണ് ദീപിക ആരംഭിച്ചത്. കേരള കത്തോലിക്കാ സുറിയാനി സമുദായത്തിലെ പ്രമുഖ വൈദികനായിരുന്ന നിധീരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ ദീപിക പ്രസിദ്ധീകരണം ആരംഭിച്ചതിന്റെ ശതോത്തരജൂബിലി ഈ വർഷം ആചരിക്കപ്പെടുകയാണ്. ദീപികയുടെ തുടക്കത്തിനും വളർച്ചയ്ക്കും സംഭാവനകൾ നൽകിയവരെ ഈയവസരത്തിൽ നമുക്ക് ഓർക്കുകയും ഈ പത്രത്തിന്റെ നിലനിൽപ്പിനും പ്രചാരണത്തിനും ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യാം. പത്രം നിലനിൽക്കണമെങ്കിൽ വായനക്കാർ ഉണ്ടാകണം. നിലനിർത്താനവശ്യമായ സാമ്പത്തിക സുസ്ഥിതിയും ഉണ്ടാകണം. അതിന് നിങ്ങളുടെ നിർലോഭമായ സഹകരണം ആവശ്യമാണ്. നിങ്ങളും ദീപികയുടെ വരിക്കാരും വായനക്കാരും ആകണം എന്നതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വാർത്തകളുടെ സത്യാവസ്ഥ ഗ്രഹിയ്ക്കാൻ ദീപിക ഏറ്റവും സഹായകരമാണ്.

പലതരത്തിലുള്ള പ്രതിസന്ധികളിലൂടെയും കടന്നുപോയ ദീപിക മതത്തിനും വർഗ്ഗത്തിനും രാഷ്ട്രീയപാർട്ടികൾക്കും എല്ലാം അതീതമായി ഇന്നും നിലകൊള്ളുന്നു എന്നത് നമുക്കേവർക്കും അഭിമാനിക്കാൻ വക നൽകുന്ന വസ്തുതയാണ്. അതുപോലെ തന്നെ ആരുടെയും മുഖം നോക്കാതെ വാർത്തകൾ വസ്തുനിഷ്ഠമായും സത്യസന്ധമായും അവതരിപ്പിക്കാൻ ദീപിക എന്നും ശ്രമിച്ചിട്ടുമുണ്ട് എന്ന വസ്തുതയും. മറ്റു മാധ്യമങ്ങൾ മറച്ചു വയ്ക്കാൻ ശ്രമിക്കുന്ന സംഭ

വങ്ങൾ ദീപികയാണ് പലപ്പോഴും ജനമദ്ധ്യത്തിൽ അവതരിപ്പിക്കുന്നത്. ദീപികയുടെ ഇത്തരമൊരു നിലപാട് വഴി അവയെ ജനങ്ങളുടെ മുമ്പിൽ എത്തിക്കാൻ മറ്റു മാദ്ധ്യമങ്ങളും നിർബന്ധിക്കപ്പെടാറുണ്ട്. ആനുകാലിക പ്രശ്നങ്ങളെ നിഷ്പക്ഷമായി അപഗ്രഥിച്ച് അവയെപ്പറ്റിയുള്ള ഈടുറ്റ ലേഖനങ്ങളും ദീപിക നിരന്തരം പ്രസിദ്ധീകരിക്കുന്നു. ദീപികയിൽ വരുന്ന വാർത്തകളും ലേഖനങ്ങളും അധികാരകേന്ദ്രങ്ങളിൽ വളരെയധികം ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്നുണ്ട് എന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

നാട്ടിൽ നടക്കുന്ന സംഭവങ്ങൾ യഥാസമയം സത്യസന്ധമായി ജനങ്ങളുടെ മുമ്പിൽ എത്തിക്കുക, ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ ലാഭേച്ഛ കൂടാതെതന്നെ അവരുടെ അറിവിലേയ്ക്ക് പ്രസിദ്ധീകരിക്കുക, ജനങ്ങളുടെ പ്രശ്നങ്ങൾ ഭരണാധികാരികളുടെ അറിവിലേയ്ക്ക് കൊണ്ടുവരുക, സമൂഹത്തിന് വിജ്ഞാനവും വിനോദവും പകർന്ന് നൽകുന്ന കാര്യങ്ങൾ പ്രസിദ്ധീകരിക്കുക, തുടങ്ങിയവയെല്ലാമാണല്ലോ പത്രധർമ്മമെന്ന് പറയുന്നത്. അതു തന്നെയാണ് ഇതുവരേയും ദീപിക ചെയ്തുവന്നതും ഇനിയും ചെയ്യാൻ പോകുന്നതും. എന്നാൽ ഇതിനെല്ലാം ഭീമമായ തുകകൾ ആവശ്യമാണ്. കാരണം പത്രപ്രസിദ്ധീകരണം ഇന്ന് ഏറെ മത്സരങ്ങളെ നേരിട്ടുകൊണ്ടാണ് പിടിച്ച് നിൽക്കുന്നത്. പ്രസിദ്ധീകരണത്തിനാവശ്യമായ വസ്തുക്കളുടെ വിലയും ജോലിക്കാരുടെ ശമ്പളവും മറ്റ് അനുബന്ധ കാര്യങ്ങളും എല്ലാം സാമ്പത്തിക ഭാരം ഏറെ ഉണ്ടാക്കുന്നതാണ്. കേവലം വരിസംഖ്യയിൽ നിന്ന് മാത്രം അവയ്ക്കുള്ള തുക സമാഹരിക്കാൻ സാദ്ധ്യമല്ല. പത്രങ്ങൾ അവയുടെ നടത്തിപ്പിന് ആവശ്യമായ തുക കണ്ടെത്തുന്നത് ഏറിയ പങ്കും പരസ്യവരുമാനത്തിലൂടെയാണ്. വായനക്കാർ കൂടുതലുള്ള പത്രങ്ങൾക്ക് മാത്രമേ പരസ്യങ്ങൾ ധാരാളമായി കിട്ടുകയുള്ളു. അതുകൊണ്ട് തന്നെ ദീപികയുടെ വായനക്കാരുടെ സംഖ്യ ഇനിയും ഉയരണം. അങ്ങനെ വരുമ്പോൾ കൂടുതൽ പരസ്യങ്ങൾ കിട്ടുകയും അതുവഴി പത്രം നല്ല നിലയിൽ നടത്താൻ കഴിയുകയും ചെയ്യും. പരസ്യങ്ങളെപ്പറ്റിയും ചില കാര്യങ്ങൾ നാം അറിയേണ്ടതുണ്ട്. എല്ലാ പരസ്യങ്ങളും ദീപികയിൽ പ്രസിദ്ധീകരിക്കാറില്ല. ധാർമ്മികതയ്ക്കും സ്വസ്ഥമായ സമൂഹജീവിതത്തിനും ഉതകാത്ത തരത്തിലുള്ള പരസ്യങ്ങൾ ദീപിക സ്വീകരിക്കാറില്ല. കാരണം ദീപികയ്ക്ക് ഇക്കാര്യങ്ങളിൽ വളരെ കർശനമായ നിലപാടുകളുണ്ട്. എത്ര ലാഭമുണ്ടക്കാവുന്ന പരസ്യങ്ങളാണെങ്കിലും ആ നിലപാടുകൾക്ക് വിരുദ്ധമാകുന്ന പരസ്യങ്ങൾ സ്വീകരിക്കപ്പെടുകയില്ല.

ദീപികയുടെ പ്രചാരണത്തിനായി വിവിധ തരത്തിലുള്ള പരിപാടികൾ ഈ ശതോത്തരവേളയിൽ ആവിഷ്ക്കരിക്കുന്നുണ്ട്. അവയിൽ നിങ്ങളും പങ്കുകാരാകണം. നമ്മുടെ ഫൊറോന, ഇടവകതലങ്ങളിൽ ദീപികയുടെ പ്രചാരണത്തിനായി നിങ്ങൾ തന്നെ സംവിധാനങ്ങൾ ഒരുക്കണം. നമ്മുടെ സംഘടനകൾക്ക് ഇക്കാര്യത്തിൽ ഏറെ ചെയ്യുവാൻ കഴിയും എന്നാണെന്റെ ബോദ്ധ്യം. നമ്മുടെ രൂപതയിലെ ബഹുമാനപ്പെട്ട വൈദികരും സന്യസ്തരും സംഘനകളിൽ പ്രവർത്തിക്കുന്ന അത്മായസഹോദരങ്ങളും ഇക്കാര്യങ്ങളിൽ സവിശേഷ ശ്രദ്ധ കാണിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സന്യാസ ഭവനങ്ങളിലും സ്കൂളുകളിലും അതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളിലും ദീപിക വരുത്തുകയും വായിയ്ക്കുകയും ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. നമ്മുടെ കഴിയുന്നത്ര വീടുകളിലും ദീപിക വരുത്തണം. മറ്റ് പത്രങ്ങൾക്കുള്ളതുപോലെയുള്ള പരസ്യ തന്ത്രങ്ങൾ ദീപികയ്ക്ക് ഇല്ല എന്ന വസ്തുത നാമോർക്കേണ്ടതാണ്. നാമോരുരുത്തരുമാണ് ദീപികയുടെ പ്രചാരകർ.

ദീപിക നിലനിൽക്കേണ്ടതിന്റെ ആവശ്യം നമുക്ക് ബോദ്ധ്യം വരണം എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ദീപിക പോലെയൊരു പത്രം നമ്മുടെ കൈയിൽ ഇല്ലെങ്കിൽ എന്ത് പ്രത്യാഘാതമാണ് ഉണ്ടാകുന്നത് എന്ന് ചിലരെങ്കിലും സംശയം പ്രകടിപ്പിച്ചേക്കാം. മതത്തിന്റെയും ജാതിയുടെയും രാഷ്ട്രീയ നിലപാടുകളുടെയും എല്ലാം അടിസ്ഥാനത്തിൽ വിഭജിയ്ക്കപ്പെട്ടിരിക്കുന്ന കേരള സമൂഹത്തിൽ സത്യവും സുതാര്യവും വസ്തുനിഷ്ഠവും ആയ വാർത്തകൾ ലഭിയ്ക്കാൻ ദീപിക പോലെയുള്ള പ്രസിദ്ധീകരണങ്ങൾ ആവശ്യമാണ്. സമൂഹത്തിന്റെ പൊതു പ്രശ്നങ്ങൾ മാറി മാറി വരുന്ന സർക്കാരുകളുടെ മുമ്പിൽ രാഷ്ട്രീയ നിറം നോക്കാതെ എത്തിയ്ക്കാൻ ദീപിക നമുക്ക് ആവശ്യമാണ്. നിക്ഷിപ്തതാത്പര്യങ്ങൾ ഇല്ലാതെ സമൂഹനന്മ ആഗ്രഹിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ദീപിക നിലനിൽക്കേണ്ടത് നമ്മുടെ എല്ലാവരുടെയും ആവശ്യമാണ്. ജനാധിപത്യം ഏതാനും രാഷ്ട്രീയപാർട്ടികളുടെയും സമ്മർദ്ദഗ്രൂപ്പുകളുടെയും ഭരണം ആയിപോകാതിരിയ്ക്കാൻ നാം നിരന്തരം ജാഗ്രത പുലർത്തുകയും സമൂഹനന്മയ്ക്ക് എതിരായി സർക്കാരുകൾ എടുക്കുന്ന നിലപാടുകളുടെ പൊള്ളത്തരങ്ങൾ വെളിച്ചത്ത് കൊണ്ടുവരുകയും ചെയ്യണം. അതിന് ദീപിക പോലെയുള്ള പത്രങ്ങൾ നിലനിൽക്കണം. ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരുകളാണെങ്കിലും അവർ എപ്പോഴും ജനനന്മ മാത്രം

ലക്ഷ്യമാക്കി പ്രവർത്തിക്കണമെന്നില്ല എന്ന വസ്തുത നാം വിസ്മരിക്കരുത്.

പലതരത്തിലുള്ള കച്ചവടതാത്പര്യങ്ങളും മറ്റ് നിക്ഷിപ്ത താത്പര്യങ്ങളും വാർത്തകളെ വളച്ചൊടിയ്ക്കാനും സംഭവങ്ങളെ മൂടിവയ്ക്കാനും മാദ്ധ്യമങ്ങളെ പ്രേരിപ്പിച്ചെന്ന് വരാം. അങ്ങനെയുള്ള സന്ദർഭങ്ങളിലാണ് നാം ദീപിക പോലെയുള്ള നിഷ്പക്ഷപത്രങ്ങളുടെ മഹത്വം തിരിച്ചറിയുന്നത്. അതിനാൽ ദീപിക എന്നും നമ്മുടെ ഭവനങ്ങളിൽ ഉണ്ട് എന്ന് നമുക്ക് ഉറപ്പു വരുത്താൻ  കഴിയണം. ദീപികയുടെ ഈ ശതോത്തരവേളയിൽ നമുക്കും  ആഹ്ലാദിക്കുകയും ദീപിക അതിന്റെ സർവ്വ പ്രൗഢിയോടും കൂടെ നിലനിൽക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽനിന്ന് 2011 ഒക്ടോബർ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011  നവംബർ മാസം 6–ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# മാർപാപ്പയുടെ മാധ്യമദിനസന്ദേശം – 2011

**മാധ്യമദിനം: 13 – 11 – 2011, ഞായറാഴ്ച**

## 45 – ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ബെനഡിക്റ്റ് 16 – ാമൻ മാർപാപ്പ നൽകുന്ന സന്ദേശം

### സത്യവും പ്രഘോഷണവും ജീവിതത്തിന്റെ ആധികാരികതയും ഈ ഡിജിറ്റൽ യുഗത്തിൽ

**(TRUTH, PROCLAMATION AND THE AUTHENTICITY OF LIFE IN THE DIGITALAGE)**

ഈ യുഗത്തിന്റെ ആശ്ചര്യകരമായ പ്രതിഭാസമായി മാധ്യമലോകത്ത് ഇന്റർനെറ്റ് അതിന്റെ സാമൂഹിക വിനിമയശൃംഖല തുറന്നതോടെയുണ്ടായ അഭൂതപൂർവ്വമായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വ്യവസായവിപ്ലവം ഉത്പാദനത്തിലും തൊഴിലാളികളുടെ ജീവിതചര്യയിലും ആഴമായ മാറ്റങ്ങൾ വരുത്തിയതുപോലെ, ആശയവിനിമയലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവകരമായ മാറ്റങ്ങൾ ഇന്നത്തെ ലോകത്ത് സാംസ്കാരികവും സാമൂഹികവുമായി പ്രകടമായ പുരോഗതിക്ക് വഴിതെളിക്കുന്നുണ്ട് എന്നതു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ആശയവിനിമയരീതികളിൽ പുതിയ സാങ്കേതികത മാറ്റംവരുത്തുക മാത്രമല്ല, ആശയവിനിമയത്തെ പാടേ മാറ്റിമറിക്കുന്നതുകൊണ്ട് മനുഷ്യൻ അതിവിപുലമായ ഒരു സാംസ്കാരിക പരിവർത്തനത്തിന്റെ യുഗസന്ധിയിലാണ് ജീവിക്കുന്നത്. വിവരസാങ്കേതികതയുടെ ഈ വിന്യാസം ആഗോളതലത്തിൽ പുതിയ അറിവിനും ചിന്താധാരകൾക്കും വഴിതുറക്കുകയും പണ്ടൊരിക്കലുമില്ലാത്ത തരത്തിലുള്ള ബന്ധങ്ങൾ രൂപീകരിക്കുന്നതിനും കൂട്ടായ്മ വളർത്തുന്നതിനും വേദിയൊരുക്കുകയും ചെയ്യുന്നു.

മാധ്യമങ്ങൾ തുറക്കുന്ന പുതിയ സാദ്ധ്യതകൾ നമ്മെ ആശ്ചര്യപ്പെടുത്തുന്നു. അടുത്തകാലംവരെ അചിന്തനീയമായിരുന്ന അറിവിന്റെ പുതിയ ചക്രവാളങ്ങളാണ് ഒപ്പംതന്നെ ഇന്ന് നമ്മുടെ മുന്നിൽ തുറക്കപ്പെടുന്നത്; അതുകൊണ്ടുതന്നെ ഈ ഡിജിറ്റൽ യുഗത്തിൽ ആശയവി

നിമയത്തിനുള്ള പ്രാമുഖ്യത്തെക്കുറിച്ച് അടിയന്തിരവും ഗൗരവപൂർവ്വ വുമായ ഒരു വിചിന്തനം ആവശ്യമായിരിക്കുകയാണ്.

ഇന്റർനെറ്റിന്റെ ഉപയോഗത്തിലുള്ള ബൃഹത്തായ സങ്കീർണ്ണ തയ്ക്കും അനിതരസാധാരണമായ സാദ്ധ്യതകൾക്കും അഭിമുഖീഭവി ക്കുമ്പോഴാണ് ഈ ആവശ്യകത നമുക്ക് കൂടുതൽ സ്പഷ്ടമാകുന്നത്. മനുഷ്യചാതുരിയുടെ എല്ലാ പരിശ്രമഫലങ്ങളുംപോലെതന്നെ ആശ യവിനിമയലോകത്തുണ്ടായിട്ടുള്ള വിവരസാങ്കേതികയുടെ സത്ഫല ങ്ങൾ വിവേകപൂർവ്വം ഉപയോഗിക്കുകയാണെങ്കിൽ മനുഷ്യന്റെ ഹൃദ യാന്തരാളത്തിൽ തിങ്ങിനിൽക്കുന്ന ജന്മസാഫല്യത്തിനും സത്യത്തിനും ഐക്യത്തിനും വേണ്ടിയുള്ള അഭിവാഞ്ഛയുടെ സഫലീകരണ ത്തിനും ഈ ഡിജിറ്റൽ വേദി വഴിതുറക്കുകതന്നെ ചെയ്യും.

ഡിജിറ്റൽ ലോകത്ത് ആശയങ്ങൾ സമൃദ്ധമായി സംപ്രേഷണം ചെയ്യുന്നതോടൊപ്പം, അറിവ് വ്യക്തിതലത്തിൽ പങ്കുവയ്ക്കുന്ന ഒരു സാമൂഹികശ്യംഖല ആവിഷ്കൃതമാവുകയാണ്. ഡിജിറ്റൽ ആശയവി നിമയപ്രക്രിയയിൽ അറിവിന്റെ ഉത്പാദകനും ഉപഭോക്താവും തമ്മി ലുള്ള പ്രകടമായ വ്യത്യാസം ഇല്ലാതാകുന്നതുവഴി ആശയവിനിമയം തുലോം വസ്തുതകളുടെ കൈമാറ്റമെന്നതിനെക്കാൾ പങ്കുവയ്ക്കലിന്റെ ഒരു നവരൂപമായിമാറുന്നു.

മാധ്യമലോകത്തെ ഈ നൂതന ബലതന്ത്രം ആശയവിനിമയശാ സ്ത്രത്തിലുള്ള മനുഷ്യന്റെ താത്പര്യം വർദ്ധിപ്പിക്കുകയും അത് പ്രധാ നമായും പങ്കുവയ്ക്കലും സംവാദവും സഹാനുഭാവവും ഐക്യ ദാർഢ്യവും ക്രിയാത്മകമായ ബന്ധങ്ങളുടെ രൂപീകരണവുമായി പ്രത്യ ക്ഷപ്പെടുന്നു. എന്നാൽ മറുഭാഗത്ത് ആധുനികമാധ്യമങ്ങളുടെ വൈരു ദ്ധ്യമാർന്ന പരിമിതികളിൽ ഏകപക്ഷീയത, ഭാഗികത, അവാസ്തവി കത, പൊങ്ങച്ചം എന്നിവ വ്യതിരിക്തമായി നിൽക്കുന്നുമുണ്ട്.

ആശയവിനിമയലോകത്തുണ്ടാകുന്ന തനിമയാർന്ന വ്യതിയാന ങ്ങളും അവയുടെ വെല്ലുവിളികളും തങ്ങളുടെ ജീവിതത്തിന് പുതിയ ഉണർവും ജിജ്ഞാസയും നൽകുന്നതുകൊണ്ട് അവയെ ഏറെ ആകാം ക്ഷയോടെ അറിയാനും അനുഭവിക്കുവാനും പരിശ്രമിക്കുന്നത് യുവാ ക്കളാണ്. സാമൂഹികസമ്പർക്കമാധ്യമശ്യംഖലയുടെ സൃഷ്ടമായ ലോക ത്തുണ്ടായിക്കൊണ്ടിരിക്കുന്ന യുവാക്കളുടെ കൂടുതലായ ഇടപഴകൽവഴി അവരുടെ വ്യക്തിബന്ധങ്ങളുടെയും അവബോധങ്ങളുടെയും തലത്തിൽ എടുക്കേണ്ട ശരിയായ തീരുമാനങ്ങളെക്കുറിച്ചും വ്യക്തിത്വത്തിന്റെ ആധികാരികതയെക്കുറിച്ചും ഡിജിറ്റൽവേദി പുതിയ ചോദ്യങ്ങൾ അവ രോട് ഉന്നയിക്കുന്നുമുണ്ട്. ഡിജിറ്റൽലോകത്ത് കൂടുതൽ വ്യാപരിക്കുന്ന

വ്യക്തി പുറംലോകംവിട്ട് ഏകാന്തതയുടെ ഒരു സമാന്തരാസ്തിത്വത്തിലേയ്ക്ക് കടക്കുകയും യഥാർത്ഥ പ്രതീതിയുണർത്തുന്ന മാധ്യമസൃഷ്ടമായ ഒരു ലോകത്തുമാത്രം ഒതുങ്ങിപ്പോകുന്ന അപകടം ഒഴിവാക്കുകയാണെങ്കിൽ, നല്ല വ്യക്തിബന്ധങ്ങൾക്കും സംസർഗ്ഗത്തിനുമുള്ള ആധികാരികസരണിയാണ് സൈബർ സ്പെയ്സ് അല്ലെങ്കിൽ കമ്പ്യൂട്ടർ ഭൂമിക.

പരസ്പരബന്ധങ്ങൾക്കും പങ്കുവയ്പിനും വേണ്ടിയുള്ള ഡിജിറ്റൽ ലോകത്തെ തിരച്ചിലിൽ ആധികാരികമായിരിക്കാനും വിശ്വസ്തരായിരിക്കാനുമുള്ള വെല്ലുവിളിയെ നേരിടുന്ന വ്യക്തി, വ്യാജമായ ഒരു പൊതു ആകാരം അല്ലെങ്കിൽ വ്യക്തിരൂപം സ്വയം സൃഷ്ടിക്കുന്ന മിഥ്യാബോധത്തിന് കീഴ്പ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പുതിയ സാങ്കതികവിദ്യകളിലൂടെ സ്വന്തം നാടിന്റെയും സംസ്കാരത്തിന്റെയും അതിരുകൾക്കുമപ്പുറം എത്തിച്ചേർന്ന വ്യക്തിലീനമായ ഒരു സുഹൃദ് വലയത്തിന്റെ പൂർണ്ണമായ ഒരു പുതിയ ലോകം കെട്ടിപ്പടുക്കുന്നു. ഇത് മഹത്തായ ഒരവസരമാണെങ്കിലും ഏറെ ശ്രദ്ധയും അവബോധവും ആവശ്യപ്പെടുന്ന വലിയ അപകടസാദ്ധ്യതയും ഇതിൽ പതിയിരിക്കുന്നുണ്ട്.

മാധ്യമസൃഷ്ടമായ ഈ പുതുലോകത്ത് ആരാണ് എന്റെ അയൽക്കാരൻ? മാധ്യമശ്യംഖലയിൽ അമിതമായി അനുദിനം ഇടപഴകി ജീവിക്കുന്നവർ ചുറ്റുമുള്ളവർക്കും കൂടെവസിക്കുന്നവർക്കും ലഭ്യമല്ലാതാകുന്ന ഒരു അപകടം അവിടെ അന്തർലീനമായിരിക്കുന്നില്ലേ? നാം ജീവിക്കുന്ന ലോകത്തുനിന്നും ഡിജിറ്റൽ സാങ്കേതികതയുടെയും വിനിമയത്തിന്റെയും ഏറെ വ്യത്യസ്തമായൊരു ലോകത്തേക്ക് മനസ്സു തിരിയുന്നതുകൊണ്ട് അശ്രദ്ധരാകാനും ചിന്തകൾ പതറിപ്പോകാനും സാദ്ധ്യതയില്ലേ? അതുവഴി നമ്മുടെ പ്രത്യേക താത്പര്യങ്ങളെക്കുറിച്ചു ചിന്തിക്കാനും ആഴമുള്ളതും ദൈർഘ്യമുള്ളതുമായ വ്യക്തിബന്ധങ്ങൾ വളർത്തിയെടുക്കാനും സമയം ഇല്ലാതാകുന്നില്ലേ? യാഥാർത്ഥ്യത്തിന്റെ പ്രതീതിയുണർത്തുന്ന ഡിജിറ്റൽ ബന്ധങ്ങൾ വളരുമ്പോൾ യഥാർത്ഥവും സമീപസ്ഥവുമായ വ്യക്തിബന്ധങ്ങൾ ജീവിതത്തിന്റെ ഓരോ തലങ്ങളിൽനിന്നും അകന്നുപോകുവാൻ പാടില്ലാത്തതാണ്.

ഈ ഡിജിറ്റൽ യുഗത്തിൽ എല്ലാ മനുഷ്യരും ജീവിതത്തെക്കുറിച്ചുള്ള വിചിന്തനത്തിനും ആധികാരികതയ്ക്കും നിർബന്ധമായും ശ്രദ്ധചെലുത്തേണ്ടതാണ്. ഇന്നത്തെ സാമൂഹിക സമ്പർക്ക മാധ്യമശ്യംഖലയിൽ സന്നിഹിതമായിരിക്കുന്ന ഊർജ്ജം തെളിയിക്കുന്നത്, ഓരോരുത്തരും എന്ത് വിനിമയം ചെയ്യുന്നുവോ അതിൽ മുഴുകിയി

രിക്കും എന്നാണ്. മനുഷ്യന് ആശയവിനിമയം ചെയ്യുമ്പോൾ അവന് തന്റെ ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും ആശയങ്ങളും പ്രത്യാശ കളും ജീവിതലക്ഷ്യങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കുകയാണ്. ഇതിൽനിന്നു മനസ്സിലാക്കേണ്ടത് ഡിജിറ്റൽ സാങ്കേതികതയുടെ ലോകത്ത് ക്രൈസ്തവ സാന്നിദ്ധ്യത്തിന് പ്രസക്തിയുണ്ടെന്നാണ്: അത് സത്യസന്ധവും സുതാര്യവും മറ്റുള്ളവരോട് ഉത്തരവാദിത്വപൂർണ്ണവും ബഹുമാനപൂർവകവുമായ ഒരു ആശയവിനിമയശൈലിയായിരിക്കേണ്ട താണ്. പുതിയ മാധ്യമങ്ങളിലൂടെ സുവിശേഷം പ്രഘോഷിക്കുക എന്നു പറയുന്നത് മതാത്മകമായ ചിന്തകൾ മാധ്യമ മണ്ഡലങ്ങളിൽ ഉൾക്കൊ ള്ളിക്കുക എന്നു മാത്രമല്ല, മറിച്ച് ഓരോരുത്തരുടെയും ഡിജിറ്റൽ വ്യക്തി ത്വവും മുൻഗണനകളും തിരഞ്ഞെടുപ്പുകളും തീർപ്പുകളും പൂർണ്ണ മായും സുവിശേഷസാന്ദ്രമാക്കിക്കൊണ്ട്, പ്രത്യക്ഷമായി പ്രഘോഷി ക്കാതെയാണെങ്കിലും നിരന്തരമായ ജീവിതസാക്ഷ്യത്തിലൂടെ പ്രകട മാക്കേണ്ടതാണ്. വ്യാപ്തമായ ഡിജിറ്റൽ ലോകത്ത് നിരന്തരമായ സാക്ഷ്യത്തിലൂടെയല്ലാതെ സുവിശേഷം പ്രസംഗിക്കുവാനാവില്ല. ഡിജി റ്റൽ സാങ്കേതികതയുടെ ഈ പുതിയ  ചുറ്റുപാടുകളിലും ആവിഷ്കര ണരീതികളിലും ക്രൈസ്തവർ അസ്വസ്ഥരാവാതെ പ്രത്യാശയോടെ പ്രതികരിക്കാനും ക്രിസ്തുവിനെ കർത്താവായി പ്രഘോഷിക്കാനും വിളി ക്കപ്പെട്ടിരിക്കുന്നു. (1 പത്രോ.3,15)

ഡിജിറ്റൽയുഗത്തിന്റെ സാങ്കേതികത ഉപയോഗിച്ച് ഇന്നത്തെ സാമൂഹികമാധ്യമശൃംഖലയുടെ ശൈലിയിൽ സുവിശേഷസന്ദേശം ആവിഷ്കരിക്കുക എന്നത് ഒരു വലിയ വെല്ലുവിളിയാണ്. ആദ്യമായി മനസ്സിലാക്കേണ്ട ഒരു വസ്തുത, നാം പ്രഘോഷിക്കേണ്ട സത്യത്തിന്റെ മൂല്യം അതിന്റെ ജനപ്രീതിയിലോ, അതിനു ലഭിക്കുന്ന പൊലിമയിലോ അല്ല അടങ്ങിയിരിക്കുന്നത് എന്നാണ്. സത്യം സ്വീകാര്യമാവുന്ന വിധ ത്തിൽ ലഘൂകരിച്ചോ വെള്ളംചേർത്തോ നൽകുകയല്ല, മറിച്ച് അതിന്റെ സമഗ്രതയിൽ പ്രഘോഷിക്കുകയാണുവേണ്ടത്. അത് ക്ഷണികമായ ഒരു ആകർഷണമാകുന്നതിനെക്കാൾ അനുദിനപോഷണമായി മാറേ ണ്ടതാണ്. സുവിശേഷ സത്യം ഉപരിപ്ലവമായി ഉപയോഗിക്കേണ്ട ഒന്നല്ല, മറിച്ച് സ്വതന്ത്രമായ പ്രതികരണം ആവശ്യപ്പെടുന്ന ഒരു സമ്മാനമാണ്. യാഥാർത്ഥ്യത്തിന്റെ പ്രതീതിയുണർത്തുന്ന ഒരു വെബ് പേജിൽ സുവി ശേഷം വിന്യസിക്കപ്പെടുമ്പോഴും, അത് ഈ ലോകയാഥാർത്ഥ്യങ്ങളിൽ മാംസം ധരിക്കുകയും, നാം അനുദിനം ഇടപഴകുന്ന സഹോദര ങ്ങൾക്കൊപ്പം ജീവിതബന്ധിയാക്കപ്പെടേണ്ടതുമാണ്. നേരിട്ടുള്ള മനു ഷ്യബന്ധങ്ങളാണ് വിശ്വാസപ്രചാരണത്തിന് അടിസ്ഥാനമായി നിൽക്കുന്നത്.

ആത്മവിശ്വാസത്തോടും അറിവോടും അതോടൊപ്പം ഉത്തരവാദിത്വപൂർണ്ണമായ ക്രിയാത്മകതയോടുംകൂടെ ഈ ഡിജിറ്റൽ യുഗം തുറന്നുതന്നിട്ടുള്ള പരസ്പരബന്ധങ്ങളുടെ ശൃംഖലയിൽ കണ്ണിചേരാൻ ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഈ ഡിജിറ്റൽ കൂട്ടായ്മയിൽ ആയിരിക്കുവാനുള്ള ആഗ്രഹ നിർവൃതിക്കുവേണ്ടി മാത്രമല്ല, പരസ്പരബന്ധങ്ങളുടെ ഈ നവ ശൃംഖല മനുഷ്യജീവന്റെ സമഗ്രഭാഗമായി തീർന്നിരിക്കുന്നതുകൊണ്ടുമാണ് ഈ പ്രത്യേക ക്ഷണം ഞാൻ നിങ്ങൾക്കു നൽകുന്നത്. വെബും ഡിജിറ്റൽ ലോകവും മാനവകുലത്തിന് നവവും സങ്കീർണ്ണവുമായ ബുദ്ധിയുടെയും ആത്മീയതയുടെയും പുരോഗതിക്കായുള്ള പങ്കുവയ്ക്കലിന്റെ പുതിയചക്രവാളങ്ങൾ വിരിയിക്കുന്നു. ക്രിസ്തു ദൈവമാണെന്നും കാലത്തിന്റെ തികവിൽ എല്ലാം പൂർത്തീകരിക്കുന്നവനാണെന്നും (എഫേസിയർ 1,10) മനുഷ്യകുലത്തിന്റെയും ചരിത്രത്തിന്റെയും രക്ഷകനാണെന്നുമുള്ള വിശ്വാസം ഈ നവ ശൃംഖലയിൽ പ്രഘോഷിക്കുവാൻ ക്രൈസ്തവർ വിളിക്കപ്പെട്ടിരിക്കുന്നു. അതിവേഗം ഹൃദയത്തെ പ്രചോദിപ്പിക്കുകയും മനസ്സിനെ ചലിപ്പിക്കയും ചെയ്യുന്ന ആദരണീയവും സചേതനവുമായ ഒരു ആശയവിനിമയമാണ് സുവിശേഷപ്രഘോഷണത്തിനാവശ്യം; ഉത്ഥിതനായ ക്രിസ്തു എമ്മാവൂസിലേക്കു പുറപ്പെട്ടുപോയ ശിഷ്യന്മാരുടെ ഹൃദയത്തെ തൊട്ടുണർത്തിയതുപോലുള്ള ഒരാശയവിനിമയമാണിവിടെ വേണ്ടത് (ലൂക്കാ 24, 13-35). ക്രിസ്തുവിന്റെ സംവാദശൈലിയിലുള്ള സമീപനംവഴിയും അവരുടെ ഹൃദയങ്ങളെ ലോലമായി സ്പർശിക്കുന്ന അവിടുത്തെ രീതികൊണ്ടും ദൈവീകരഹസ്യങ്ങളിലേയ്ക്ക് അവരുടെ ഹൃദയങ്ങൾ മെല്ലെ തുറക്കപ്പെട്ടു. ഏറെ ജനപ്രീതിയുണർത്തുന്ന സാമൂഹികസമ്പർക്കമാധ്യമശൃംഖലയിൽ പ്രതിഫലിച്ചുകാണുന്ന മനുഷ്യന്റെ പരസ്പരബന്ധത്തിനും കൂട്ടായ്മയ്ക്കും ജീവിതാർത്ഥത്തിനും വേണ്ടിയുള്ള തീക്ഷ്ണമായ അഭിലാഷം ആത്യന്തികമായ ഒരപഗ്രഥനത്തിൽ സത്യമാകുന്ന ക്രിസ്തുവാണ്. തങ്ങളുടെ ജീവിതത്തിന്റെ ആഴമായ ബോധ്യങ്ങൾക്ക് സാക്ഷ്യം നൽകാൻ ആഗ്രഹിക്കുന്ന ക്രൈസ്തവർ വെബെന്ന വലിയ ഡിജിറ്റൽ ശക്തിയെ വ്യക്തിഹത്യക്കുള്ള ഒരു ഉപകരണമാക്കാനോ, വൈകാരികമായി മനുഷ്യനെ സ്വാധീനിക്കാനോ, ശക്തൻമാരുടെ അഭിപ്രായങ്ങളുടെ കുത്തകയാക്കാനോ അനുവദിക്കരുത്. മറിച്ച്, എല്ലാവരിലുമുള്ള അഭൗമസന്തോഷത്തിനുള്ള ആഗ്രഹവും എന്നും നിലനിൽക്കേണ്ട ജീവന്റെ നന്മയാർന്ന ഭാവത്തിനുള്ള അഭിവാഞ്ഛയും പരിപോഷിപ്പിക്കുന്ന ശൃംഖലയായി അതിനെ വളർത്തേണ്ടതാണ്. തീർച്ചയായും അന്യൂനമായ ഒരു മാനുഷിക ആത്മീയ അഭിവാഞ്ഛയാണ്

ഈ ജീവിതത്തിൽ സത്യത്തിനും കൂട്ടായ്മയ്ക്കും ആവേശം പകരുകയും സുതാര്യമായും ആർജ്ജവത്തോടുംകൂടിയും ആശയവിനിമയം ചെയ്യാൻ നമ്മെ പ്രചോദിപ്പിക്കുന്നത്. ഡിജിറ്റൽ ലോകത്ത് ക്രിയാത്മകമായ സാന്നിദ്ധ്യം നന്മയ്ക്കായി ഉപയോഗിക്കുവാൻ ഞാൻ യുവാക്കളെ പ്രത്യേകമായി ക്ഷണിക്കുന്നു.

ഏവർക്കും എന്റെ അപ്പസ്തോലിക ആശീർവാദം നൽകുന്നു.

**ബെനഡിക്റ്റ് 16–ാമൻ മാർപാപ്പ**

---

**NB:- പരി. പിതാവിന്റെ മാധ്യമദിന സന്ദേശം 2011 നവംബർ മാസം 13–ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

---

## പാപ്പായുടെ മാധ്യമസന്ദേശം: പ്രസംഗക്കുറിപ്പ്

കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി പരിശുദ്ധപിതാവ് ബെനഡിക്റ്റ് പതിനാറാമൻ ഇന്റർനെറ്റ് സംബന്ധിയായ വിഷയങ്ങളാണ് മാധ്യമദിന സന്ദേശങ്ങളായി നൽകിവരുന്നത്. ആദ്യം ഈ മാസ്മരികലോകത്തെ ഏറെ ഇഷ്ടപ്പെടുന്ന യുവജനങ്ങളോടാണ് പാപ്പാ "പുതിയ സാങ്കേതികവിദ്യകളും പുതിയ ബന്ധങ്ങളും: ആദരത്തിന്റെയും സൗഹൃദത്തിന്റെയും സംസ്കാരം പ്രോത്സാഹിപ്പിക്കാനായി" ശ്രമിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ, അതിനടുത്ത വർഷം സൈബർ ലോകത്തെ അജപാലനശുശ്രൂഷ സംബന്ധിച്ച് പ്രധാനമായും വൈദികരോടാണ് സംവദിച്ചത്.

ഈ വർഷമാകട്ടെ, ഇന്റർനെറ്റ് എന്ന 'കമ്പ്യൂട്ടർ ഭൂമിക' ആധാരമാക്കി "സത്യവും പ്രഘോഷണവും ജീവിതത്തിന്റെ ആധികാരികതയും ഡിജിറ്റൽ യുഗത്തിൽ" എന്ന വിഷയം അടിസ്ഥാനമാക്കിയാണ് പാപ്പാ സംസാരിക്കുന്നത്.

ഇന്റർനെറ്റിലൂടെ വ്യാവസായികവിപ്ലവത്തിനു സമാനമായ ഒരു വിപ്ലവം – ആശയവിപ്ലവം – ഇവിടെ സംഭവിച്ചുകൊണ്ടിരിക്കയാണെന്നും സാംസ്കാരികവും സാമൂഹികവുമായ പുരോഗതിമൂലം സംഭവിക്കാവുന്ന വലിയ പരിവർത്തനത്തിന്റെ യുഗസന്ധിയിലാണ് നാം ജീവിക്കുന്നതെന്നും പാപ്പാ ഓർമ്മിപ്പിക്കുന്നു. പുതിയ അറിവ്, പുതിയ ചിന്താധാരകൾ, പുതിയ ബന്ധങ്ങൾ, കൂട്ടായ്മകൾ ഒക്കെ സൃഷ്ടിക്കുന്നത് പങ്കുവയ്ക്കലിന്റെ പുതിയ സാധ്യതകളും അറിവിന്റെ പുതിയ ചക്ര

വാളങ്ങളുമാണല്ലോ. വിവരസാങ്കേതിക വിപ്ലവത്തിന്റെ സത്ഫലങ്ങൾ വിവേകപൂർവ്വം പ്രയോജനപ്പെടുത്താൻ സാധിക്കണമെങ്കിൽ അടിയന്തരവും ഗൗരവതരവുമായ ഒരു വിചിന്തനം ഇവിടെ ആവശ്യമായി വരുന്നു.

ആശയവിനിമയശാസ്ത്രത്തിലുള്ള താത്പര്യം അളവറ്റ് വർദ്ധിപ്പിക്കുന്ന പങ്കുവയ്ക്കലിന്റെ ഈ നവരൂപം മാധ്യമലോകത്തെ ഒരു 'നൂതന ബലതന്ത്രം' തന്നെ. ഒരുവശത്ത് പങ്കുവയ്ക്കൽ, സംവാദം, സഹാനുഭാവം, ഐക്യദാർഢ്യം, ബന്ധങ്ങളുടെ രൂപീകരണം എന്നിവ സംഭവിക്കുമ്പോൾ മറുവശത്ത് ഏകപക്ഷീയത, ഭാഗികത, അവാസ്തവികത, പൊങ്ങച്ചം തുടങ്ങിയവയും സംഭവിക്കാവുന്നതാണ്.

സൈബർലോകം ഏകാന്തതയുടെ സമാന്തരാസ്തിത്വത്തിലേക്ക് ഒതുങ്ങിപ്പോകാതെ നോക്കണം. കൂടെ വസിക്കുന്നവരെയൊക്കെ മറന്ന്, അതിർത്തികൾ ലംഘിച്ച് സൃഷ്ടിക്കപ്പെടുന്ന ലീനമായ കമ്പ്യൂട്ടർ സുഹൃദ് വലയം ഏറെ ശ്രദ്ധയും അവബോധവും ആവശ്യപ്പെടുന്നുണ്ട്.

രക്ഷകനിലുള്ള വിശ്വാസം ഈ നവശൃംഖലയിൽ പ്രഘോഷിക്കാൻ ക്രൈസ്തവർ വിളിക്കപ്പെട്ടിരിക്കുന്നു. എപ്രകാരം എമ്മാവൂസിലേക്കുള്ള യാത്രാമദ്ധ്യേ ശിഷ്യർക്ക് നാം നമ്മുടെ കാഴ്ചപ്പാടുകളും ആശയങ്ങളും പ്രത്യാശകളും ജീവിതലക്ഷ്യങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്ന അവസരത്തിൽ അത് സത്യസന്ധവും സുതാര്യവും ആയിരിക്കണം. ഉത്തരവാദിത്വവും ബഹുമാനം നിറഞ്ഞതുമായിരിക്കണം ഈ പങ്കുവയ്ക്കൽ. സത്യം പ്രഘോഷിക്കാൻ ബാധ്യസ്ഥരായ നമുക്ക് നമ്മുടെ ഡിജിറ്റൽ വ്യക്തിത്വങ്ങൾ സുവിശേഷസാന്ദ്രമായി നിലനിറുത്തുന്നതിലൂടെയും നിരന്തരമായി നാം നൽകുന്ന ജീവിതസാക്ഷ്യങ്ങളിലൂടെയും നമ്മുടെ മൂല്യങ്ങൾ പ്രസരിപ്പിക്കാൻ കഴിയും. ആവിഷ്കരണരീതികളിൽ ക്രൈസ്തവർ അസ്വസ്ഥരാകരുത്. സ്വീകാര്യത നേടാൻ വെള്ളം ചേർക്കലോ ലഘൂകരിക്കലോ പാടില്ല. സത്യം അതിന്റെ സമഗ്രതയിൽ പ്രഘോഷിക്കപ്പെടണം. ക്ഷണികമായ ആകർഷണം എന്നതിലേറെ അനുദിനപോഷണമാകണം. ഉപരിപ്ലവകരമായി ഉപയോഗിക്കരുത്. സ്വതന്ത്രമായ പ്രതികരണം ആവശ്യപ്പെടുന്ന സമ്മാനമായിരിക്കണം.

ക്രിസ്തു ദൈവമാണെന്നും കാലത്തിന്റെ തികവിൽ എല്ലാം പൂർത്തീകരിക്കുന്നവനാണെന്നും (എഫേ. 1/10) മനുഷ്യകുലത്തിന്റെയും ചരിത്രത്തിന്റെയും സഹയാത്രികനായി യേശുനാഥൻ രക്ഷാകരരഹസ്യങ്ങൾ പങ്കുവച്ചുവോ, ഹൃദയങ്ങളെ ലോലമായി സ്പർശിക്കുന്ന അതേ ശൈലിയിലായിരിക്കണം നമ്മുടെ ആശയവിനിമയവും.

ഡിജിറ്റൽ ലോകത്ത് ക്രിയാത്മകമായ സാന്നിദ്ധ്യം നന്മയ്ക്കായി ഉപയോഗിക്കാൻ യുവാക്കളെ പ്രത്യേകമായി ക്ഷണിച്ചുകൊണ്ടാണ് പരിശുദ്ധ പിതാവ് തന്റെ സന്ദേശം ഉപസംഹരിക്കുന്നത്.

**ചില നിർദ്ദേശങ്ങൾ**

1. മാർപാപ്പയുടെ ലോകസമ്പർക്ക മാധ്യമദിന സന്ദേശം പ്രാദേശിക ഭാഷകളിലേക്ക് തർജ്ജമചെയ്ത് ഇടവകകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലും വിതരണം ചെയ്യുക.
2. പ്രധാന ആശയങ്ങൾ നമ്മുടെ സ്ഥാപനങ്ങളിലെ നോട്ടീസ്ബോർഡിൽ പ്രദർശിപ്പിക്കുക.
3. സന്ദേശത്തിന്റെ പ്രമേയം അടിസ്ഥാനമാക്കി, ഉപന്യാസം, പോസ്റ്റർ, ക്വിസ്, പ്രസംഗം, കാംപ്ഷൻ മത്സരങ്ങൾ സംഘടിപ്പിക്കുക.
4. ഇടവകകളിലെ, വിദ്യാഭ്യാസസ്ഥാപനങ്ങളിലോ കത്തോലിക്കാ സമൂഹത്തിനോ, വിദ്യാർത്ഥികൾക്കോ, പൊതുജനങ്ങൾക്കോ, മാധ്യമ പ്രവർത്തകർക്കോ സിംബോസിയമോ, സെമിനാറോ നടത്തുക.
5. ഇടവകകളിലോ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ മാധ്യമവിദ്യാഭ്യാസ സെമിനാർ സംഘടിപ്പിക്കുക.
6. 2011 നവംബർ 13 ന് ലോകസമ്പർക്കമാധ്യമദിനം ആചരിക്കുകയും തിരുക്കർമ്മത്തിനിടയ്ക്ക് മാർപാപ്പയുടെ സന്ദേശം ആസ്പദമാക്കി പ്രസംഗിക്കുകയും മാധ്യമപ്രവർത്തകർക്കായി പ്രാർത്ഥിക്കുകയും ചെയ്യുക.
7. നിങ്ങളുടെ പ്രദേശത്തുള്ള സെക്കുലർ മാധ്യമപ്രവർത്തകരുമായി മാർപാപ്പയുടെ സന്ദേശമോ, പ്രധാന ആശയങ്ങളെ കേന്ദ്രീകരിച്ച് ചർച്ച നടത്തുക.
8. സന്ദേശത്തിലെ പ്രധാനപ്രമേയത്തെ ആസ്പദമാക്കി ലേഖനങ്ങളും അഭിപ്രായങ്ങളും എഴുതി പ്രാദേശിക പത്രങ്ങളിലും മാസികകളിലും പ്രസിദ്ധപ്പെടുത്തുക.
9. യുവജനങ്ങൾ, സ്ത്രീകൾ, പാസ്റ്ററൽ കൗൺസിൽ, പാരീഷ് കൗൺസിൽ തുടങ്ങിയ ഗ്രൂപ്പുകൾ നവീനസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചു ചർച്ച ചെയ്യുകയും സുവിശേഷപ്രഘോഷണത്തിനും മതബോധനത്തിനും ആതുരശുശ്രൂഷാ അജപാലനത്തിനും ദരിദ്രരായവർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും സാമൂഹികവികസന സംരംഭങ്ങൾ നടത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് വിചിന്തനവും നടത്തുക.
10. പൊതുചടങ്ങുകൾ സംഘടിപ്പിച്ചുകൊണ്ട് നിങ്ങളുടെ നട്ടിലുള്ള മാധ്യമപ്രതിഭകളെ ആദരിക്കുകയും പ്രസ്സ്, റേഡിയോ, സിനിമ, ടെലിവിഷൻ, നാടോടിക്കലകൾ തുടങ്ങിയവയിലൂടെ അവർ നടത്തുന്ന സുവിശേഷവത്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
11. ഇടവകകളിലും സ്ഥാപനങ്ങളിലും മാധ്യമശുശ്രൂഷയിലൂടെ വിവരശേഖരണവും പരിപാലനവും വഴി ഭരണകാര്യങ്ങൾ എങ്ങനെ മെച്ചപ്പെടുത്താം എന്നു പഠിക്കുക.
12. ലോകസമ്പർക്കമാധ്യമദിനത്തിൽ (നവംബർ 13) ഭാരതസഭയിലെ മാധ്യമശുശ്രൂഷയ്ക്കായി ഒരു ഫണ്ടു പിരിവു നടത്തുക.

# സർക്കുലർ

***Circular Letter No. 8/2011***
***Prot. No.11540/2011***

## സുരക്ഷാ ക്ഷേമപദ്ധതി

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

കേരളത്തിലെ അസംഘടിത തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ് 'കേരളാ ലേബർ മൂവ്മെന്റ്' (KLM). കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ കീഴിലാണ് ഈ പ്രസ്ഥാനം പ്രവർത്തിക്കുന്നത്. കണക്കനുസരിച്ച് ഇന്ത്യയിലെ തൊഴിലാളികളിൽ ഏകദേശം 93% അസംഘടിതരാണ്. സംഘടനാബലം ഇല്ലാത്ത ബഹുഭൂരിപക്ഷംവരുന്ന ഈ തൊഴിലാളികൾക്ക് സർക്കാർ നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ ഗുണം വേണ്ടവിധം പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. ഈ അസംഘടിത തൊഴിലാളികളെ സഹായിക്കാനുള്ള പരിശ്രമങ്ങളാണ് കെ. എൽ.എം. നടത്തിക്കൊണ്ടിരിക്കുന്നത്. കേരള സർക്കാർ തൊഴിലാളികൾക്കുവേണ്ടി നടപ്പാക്കിയിട്ടുള്ള എല്ലാ ക്ഷേമ പദ്ധതികളെപ്പറ്റിയും പ്രതിപാദിക്കുന്ന ഒരു പുസ്തകം കെ.എൽ.എം. പ്രസിദ്ധീകരിച്ചിട്ടുള്ള കാര്യം എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

സഭാസ്ഥാപനങ്ങളിൽ സേവനം ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി കെ.എൽ.എം. നടപ്പാക്കിവരുന്ന ഒരു പദ്ധതിയാണ് ''സുരക്ഷ''. ഈ പദ്ധതി കേരള കത്തോലിക്കാ മെത്രാൻസമിതി അംഗീകരിച്ചിട്ടുള്ളതും പ്രോത്സാഹിപ്പിക്കുന്നതുമാണ്. കെ.എൽ.എം.-ന്റെ മാനന്തവാടി രൂപതാഘടകത്തിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ രൂപതയിലെ എല്ലാ സഭാസ്ഥാപനങ്ങളിലും 'സുരക്ഷ പദ്ധതി' നടപ്പിൽ വരുത്തുവാൻ ആഗ്രഹിക്കുന്നു. ഇടവകയിലെ ദൈവാലയശുശ്രൂഷികൾ, അക്കൗണ്ടന്റുമാർ (സെക്രട്ടറി) തുടങ്ങിയവരെയും ഇടവകയുടെ കീഴിലുള്ള മറ്റു സ്ഥാപനങ്ങളിലും സന്യസ്തഭവനങ്ങളിലും അവയുടെ കീഴിലുള്ള സ്ഥാപനങ്ങളിലും രൂപത നേരിട്ട് നടത്തുന്ന സ്ഥാപ

നങ്ങളിലും സേവനം ചെയ്യുന്നവരെയും സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

സഭാസ്ഥാപനങ്ങളിലെ അസംഘടിതരും പെൻഷൻ പോലെയുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്തവരുമായ തൊഴിലാളികളുടെ സാമ്പത്തികഭദ്രതയാണ് ഈ പദ്ധതിയിലൂടെ നാം ഉന്നംവയ്ക്കുന്നത്. ഇത് വിജയിക്കുന്നതിന് സഭാസ്ഥാപനങ്ങളുടെ മേലധികാരികൾ പ്രത്യേകശ്രദ്ധ ചെലുത്തി തങ്ങളുടെ സ്ഥാപനങ്ങളിലെ തൊഴിലാളികളെ പദ്ധതിയിൽ ചേർക്കുന്നതിന് ഉത്സാഹിക്കേണ്ടതാണ്. സഭാസ്ഥാപനങ്ങളിലെ അസംഘടിത തൊഴിലാളികളുടെ ഭാവിസുരക്ഷ സ്ഥാപനാധികാരികളുടെ ചുമതല കൂടിയാണല്ലോ.

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ (സി.ബി.സി.ഐ.) തൊഴിൽകാര്യകമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 'വർക്കേഴ്സ് ഇന്ത്യാ ഫെഡറേഷന്റെയും' വിവിധ കേന്ദ്ര-സംസ്ഥാന ഏജൻസികളുടെയും സഹായസഹകരണത്തോടെയാണ് 'സുരക്ഷ' പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയെക്കുറിച്ചുള്ള വിശദീകരണവും നടപ്പാക്കാനുള്ള സഹായസഹകരണവും മാനന്തവാടിയിലുള്ള വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) ആസ്ഥാനമായി പ്രവർത്തിക്കുന്ന കെ.എൽ.എം. ന്റെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

നമ്മുടെ രൂപതയിൽ കെ.എൽ.എം. നന്നായിത്തന്നെ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ഇടവകാതലത്തിൽ തൊഴിലാളി പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിന് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നൽകാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്. കെ.എൽ.എം. ന്റെ ഓഫീസിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങളുനസരിച്ച് എല്ലാവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

"സുരക്ഷ" ഒരു പങ്കാളിത്ത ക്ഷേമപദ്ധതിയാണ്. ഈ പദ്ധതി നമ്മൾ നടപ്പാക്കുന്നത് ഇൻഡ്യാ ഗവൺമെന്റിന്റെ കീഴിലുള്ള 'പെൻഷൻ ഫണ്ട് റെഗുലേറ്ററി ഡവലപ്പ്മെന്റ് അതോറിറ്റി' വഴിയാണ്. അതുപോലെ ഈ പദ്ധതിയുടെ മറ്റൊരു പ്രത്യേകതയാണ് ഇതോടനുബന്ധിച്ചുള്ള ലൈഫ് ഇൻഷുറൻസ് പരിരക്ഷ. അത് നടപ്പാക്കുന്നത് ഇൻഡ്യാ ഗവൺമെന്റിന്റെ തന്നെ ഉടമസ്ഥതയിലുള്ള 'ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ'വഴിയാണ്. "സുരക്ഷ" പദ്ധതിയിൽ ചേരുന്നവർക്ക് 60 വയസ്സ് മുതൽ പെൻഷൻ കിട്ടുന്നതാണ്. അങ്ങനെ കിട്ടുന്ന തുകയുടെ

വലുപ്പം അവർ പദ്ധതിയിൽ അതുവരെ അടച്ച തുകയ്ക്ക് ആനുപാതികമായിരിക്കും. സർക്കാരിന്റെ ഒരു വിഹിതവും (വർഷം 1100 രൂപ) പദ്ധതിയിൽ നിക്ഷേപിക്കപ്പെടും. പദ്ധതിയിൽ ചേർന്നവർക്ക് പദ്ധതി പൂർത്തീകരണത്തിന് (60 വയസ്സ്) മുമ്പായി അപകടമരണമോ, പൂർണ്ണമായ അംഗവൈകല്യമോ സംഭവിക്കുകയാണെങ്കിൽ 85000 രൂപ ആശ്രിതർക്ക് ലഭിക്കുന്നതാണ്. സാധാരണ മരണമാണെങ്കിൽ തുക 40000 രൂപ ആയിരിക്കും. അതോടൊപ്പം പലിശയടക്കം പെൻഷൻ തുകയും ആശ്രിതർക്ക് ലഭ്യമാകും.

ഉത്തരവാദപ്പെട്ട ഒരു സർക്കാർ ഏജൻസിയാണ് "സുരക്ഷ" പദ്ധതി കൈകാര്യം ചെയ്യുന്നത് എന്നത് ഈ പദ്ധതിയുടെ പ്രധാന മേന്മയാണ്. മാത്രമല്ല സർക്കാരിന്റെ ഒരു വിഹിതവും പദ്ധതിയുടെ ഉപഭോക്താവിന് ലഭ്യമാകുന്നു. പദ്ധതിയുടെ ഉപഭോക്താവ് തന്നെ പദ്ധതിയിലേയ്ക്കുള്ള തുക അടയ്ക്കാൻ കടപ്പെട്ടിരിക്കുന്നു എന്നതുകൊണ്ട് ഏതൊരു സ്ഥാപനത്തിലേയ്ക്ക് മാറിപ്പോയാലും അയാൾക്ക് പദ്ധതിയിൽ തുടരാൻ കഴിയും എന്നതാണ് മറ്റൊരു മേന്മ. പദ്ധതിയിൽ ചേരുന്ന തൊഴിലാളിയും അയാൾ സേവനം ചെയ്യുന്ന സ്ഥാപനവും ഓരോ മാസവും പദ്ധതിയിലേയ്ക്ക് 150 രൂപാവീതം അടയ്ക്കണം. സ്ഥാപനം 150 രൂപാ അടയ്ക്കുക എന്നത് കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ തീരുമാനമാണ്. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരെ ഉദ്ദേശിച്ചാണ് 'സുരക്ഷ' തുടങ്ങിയിരിക്കുന്നതെങ്കിലും അസംഘടിതമേഖലയിലെ ഏതൊരു തൊഴിലാളിക്കും വ്യക്തിപരമായി ഇതിൽ ചേരാവുന്നതാണ്. സർക്കാരിന്റെ പ്രൊവിഡന്റ് ഫണ്ടിന്റെ പരിരക്ഷയിൽ വരാത്ത വ്യക്തി ആയിരിക്കണം എന്ന് മാത്രം. സഭാസ്ഥാപനങ്ങളിലെ ജീവനക്കാരല്ലാത്തവർ പ്രതിമാസം ചുരുങ്ങിയത് 100 രൂപാ അടച്ചാൽ മതിയാകും.

സുരക്ഷയിൽ ചേരാൻ താല്പര്യപ്പെടുന്നവർ സഭാസ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന വ്യക്തികൾ സുരക്ഷയുടെ അപേക്ഷാഫോറം പൂരിപ്പിച്ച്, പാസ്പോർട്ട് സൈസ് കളർഫോട്ടോയുടെ മൂന്ന് കോപ്പികൾ, ഇലക്ഷൻ ഐഡന്റിറ്റി കാർഡിന്റെ ഫോട്ടോകോപ്പി, ജനനത്തീയതി, മേൽവിലാസം എന്നിവ തെളിയിക്കുന്ന രേഖയുടെ കോപ്പികൾ സഹിതം കെ.എൽ.എം. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം കെ.എൽ.എം. ഓഫീസിൽ ലഭിക്കു

ന്നതാണ്. ബഹുമാനപ്പെട്ട ഇടവക വികാരിയച്ചന്മാരും സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം ഉള്ള വൈദികരും സന്യസ്തരും ഇതിനായി അപേക്ഷകരെ സഹായിക്കണം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. സുരക്ഷ വഴി നമ്മുടെ സ്ഥാപനങ്ങളിലും ഭവനങ്ങളിലും സേവനം ചെയ്യുന്ന നമ്മുടെ സഹോദരങ്ങൾക്ക് അവരുടെ ഭാവി സുരക്ഷിതമാക്കാൻ സാഹചര്യമൊരുക്കാൻ ബന്ധപ്പെട്ട എല്ലാവരെയും ക്ഷണിക്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങളെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2011 ഒക്ടോബർ മാസം 20 –ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2011 നവംബർ മാസം 20–ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ



## മിഷൻഫണ്ട്

**സീറോ മലബാർസഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്ത**
**മാർ ജോർജ്ജ് ആലഞ്ചേരി**
**തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും**
**മെത്രാൻമാർക്കും വൈദീകർക്കും സമർപ്പിതർക്കും**
**തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.**

"ഭൂമിയുടെ അതിർത്തികൾ വരെ മിശിഹായ്ക്ക് സാക്ഷികളാകാൻ (നട. 1,8) പ്രതിജ്ഞാബദ്ധയായ സീറോ മലബാർ സഭ, 29 രൂപതകളിലായി ഭാരതത്തിനകത്തും പുറത്തും ദൈവരാജ്യസംസ്ഥാപനത്തിനായി കർമ്മനിരതയാണ്. മാർതോമ്മാശ്ലീഹായുടെ സുവിശേഷ പ്രഘോഷണം വഴിയായി കേരളമണ്ണിൽ ആഴ്ന്നിറങ്ങിയ സീറോ മലബാർ സഭ ഇന്ന് ഭാരതം മുഴുവനിലും ആസ്ട്രേലിയായിലും, അമേരിക്കയിലും, ആഫ്രിക്കയിലും, ഏഷ്യയിലേയും യൂറോപ്പിലേയും വിവിധരാജ്യങ്ങളിലും വ്യാപിച്ചിരിക്കുന്നു. ഭാരതത്തിൽ സീറോമലബാർ സഭയുടെ അധികാരപരിതിക്കുവെളിയിൽ ചാന്ദാ, ഉജ്ജയിൻ, സത്ന, ബിജ്നോർ, രാജ്ക്കോട്ട്, ഗോരഖ്പൂർ, ജഗദൽപൂർ, അദിലാബാദ്, സാഗർ, കല്യാൺ തുടങ്ങി പത്ത് മിഷൻ രൂപതകളുള്ള കാര്യം സഭാമക്കൾ ഏവർക്കും അറിവുള്ളതാണല്ലോ. ഭാരതത്തിലെ മിഷൻ രൂപതകളെ പ്രാർത്ഥനവഴിയായും സാമ്പത്തികമായും സഹായിക്കുകയെന്നത്, മാർതോമ്മാശ്ലീഹായുടെ വിശ്വാസപാരമ്പര്യത്തിൽ ജീവിക്കുന്ന ഓരോ സീറോമലബാർ വിശ്വാസിയുടേയും അടിസ്ഥാനപരമായ ജീവിതദൗത്യമാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി നമ്മുടെ മിഷൻ പ്രദേശങ്ങളെ സാമ്പത്തികമായും പ്രാർത്ഥനവഴിയായും സഹായിക്കാനാഗ്രഹിക്കുന്നവരുടെ ഒരു അസോസിയേഷൻ സീറോമലബാർ സിനഡ് രൂപ

കല്പന ചെയ്തിരിക്കുന്നു. (Association of Supporters of Syro Malabar Mission- A.S.S.M.). തദ്വാര, സീറോമലബാർ സഭയിലെ എല്ലാ കുടുംബങ്ങളേയും (9 ലക്ഷം കുടുംബങ്ങൾ) മാതൃസഭയുമായി നിരന്തരസമ്പർക്കത്തിലും സഹവർത്തിത്വത്തിലും നയിക്കാമെന്ന് പ്രത്യാശിക്കുന്നു.

സീറോമലബാർ സഭാംഗങ്ങളുടെ മനസ്സിലും ഹൃദയത്തിലും പ്രേഷിതാവബോധം സൃഷ്ടിക്കുകയെന്നത് ഈ അസോസിയേഷന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. സീറോമലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ വിശദമാക്കുന്ന ന്യൂസ് ബുള്ളറ്റിൻ ഓരോവർഷവും മൂന്ന് ലക്കങ്ങളിലായി പ്രസിദ്ധീകരിക്കാൻ ഈ അസോസിയേഷൻ പരിശ്രമിക്കുന്നു. മിഷൻ പ്രവർത്തനങ്ങളിൽ ഓരോകുടുംബത്തിനും ആത്മീകമായും സാമ്പത്തികമായും പങ്കുപറ്റാനുള്ള അവസരം ഈ അസോസിയേഷൻ മുമ്പോട്ട് വയ്ക്കുന്നു. നമ്മുടെ സഭയിലെ എല്ലാ കുടുംബാംഗങ്ങളും വൈദീകരും, സന്യാസ ഭവനങ്ങളും സ്ഥാപനങ്ങളും ഈ കാര്യത്തിൽ സഹകരിക്കുമല്ലോ. ഈ അസോസിയേഷന്റെ ലക്ഷ്യ പ്രാപ്തിക്കായി ഒരു വർഷം ഒരു കുടുംബം 200 രൂപ വീതവും സന്യാസഭവനങ്ങളും സ്ഥാപനങ്ങളും 500 രൂപ വീതവും സംഭാവന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനായി രാജ്ക്കോട്ടിന്റെ മുൻ മെത്രാനും ദീർഘ കാലം പ്രവാസികളുടെ അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റിയിരുന്ന കമ്മീഷന്റെ ചെയർമാനുമായിരുന്ന മാർ ഗ്രിഗരി കരോട്ടെമ്പ്രേൽ പിതാവിനെ സീറോമലബാർ സിനഡിന്റെ സമ്മതത്തോടെ ഞാൻ നിയമിക്കുന്നു. ഈ അസോസിയേഷന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കുവേണ്ടി ഓരോ രൂപതയിൽ നിന്നും ഒരു അൽമായ പ്രതിനിധി ഉണ്ടാവും. അല്മായ പ്രതിനിധികളടങ്ങിയ ഭരണസംവിധാനമാവും ഈ അസോസിയേഷനുവേണ്ടി തീരുമാനങ്ങൾ കൈകൊള്ളുക. പ്രേഷിത പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച ഫണ്ടിന്റേയും അത് വിതരണം ചെയ്ത വിവിധ മേഖലകളുടേയും വിവരങ്ങൾ പ്രതിപാദിക്കുന്ന വിശദമായ റിപ്പോർട്ട് ന്യൂസ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പ്രിയ സഹോദരരേ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിശ്വാസ സമൂഹങ്ങളെ ഉദാരമായി സഹായിക്കുകയെന്നത് ആദിമക്രൈസ്തവസമൂഹം മുതൽ അനുഷ്ഠിച്ചുവരുന്ന ഒരു വിശുദ്ധ പാരമ്പര്യമാണ്. ജറുസലേമിലുള്ള നിർദ്ധനരായ ക്രൈസ്തവരെ സഹായിക്കാൻ മക്കദോനിയായിലും അക്കായിയായിലും ഉള്ളവർ സന്മനസ്സ് കാണിച്ചതിനെ വി. പൗലോസ് ശ്ലീഹാ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ

മുക്തകണ്ഠം പ്രശംസിക്കുന്നുണ്ട്. (റോമാ 15, 26). "സഭ മിശിഹായുടെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്" (1 കോറി 12, 27) എന്ന വിശുദ്ധ പൗലോസിന്റെ സഭാത്മക ദർശനം എത്രയോ ശ്രേഷ്ഠമാണ്! ശരീരത്തിലെ ഏതെങ്കിലും ഒരവയവം വേദനിക്കുമ്പോഴും ദുർബ്ബലമാകുമ്പോഴും അത് ശരീരത്തിന്റെ മുഴുവൻ അനാരോഗ്യത്തെയാണ് വിളിച്ചുപറയുന്നത്. അതുകൊണ്ട് കരയുന്നവരുടെ കണ്ണീരൊപ്പാനും ദുർബ്ബലന് കൈത്താങ്ങാകാനും വേദനിക്കുന്നവന് സാന്ത്വനമാകാനും ഉതകുന്ന ഒരു സഭാത്മക ആത്മീയത നമുക്ക് കെട്ടിപ്പടുക്കാം. പാവങ്ങളോട് പ്രത്യേക പക്ഷം പ്രകടിപ്പിക്കാനുമുള്ള (Preferential Love for the poor) സഭയുടെ നിരന്തരമായ ഉൾവിളിയുടെ ബാഹ്യാവിഷ്ക്കാരമാണ് ഈ അസോസിയേഷൻ. എന്തുചെയ്താലും പാവങ്ങളെക്കുറിച്ച് ചിന്ത വേണമെന്ന വി. പൗലോസിന്റെ തീവ്രമായ ആഗ്രഹത്തിന് (ഗലാ 2,10) ജീവിതം കൊണ്ട് മറുപടികൊടുക്കാൻ സീറോമലബാർ സഭാംഗങ്ങൾക്കാകട്ടെ . അതുവഴി "ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യാ പാവങ്ങളുടേയും, പീഡിതരുടേയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉത്കണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെ കൂടിയാണെന്ന്" (GS. 1) ലോകം മനസ്സിലാക്കട്ടെ.

എന്ന്, മിശിഹായിൽ സ്നേഹപൂർവ്വം

+ GAlencherry

**മാർ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്.

---

**NB:- ഈ സർക്കുലർ 2011 നവംബർ മാസം 27-ാം തീയതി എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**

# രൂപതാകച്ചേരി വാർത്തകൾ

**സമ്പർക്ക മാധ്യമദിനം - നവംബർ 13**

നവംബർ മാസം 13-ാം തീയതി ഞായറാഴ്ച കത്തോലിക്കാസഭ സമ്പർക്ക മാധ്യമദിനമായി ആചരിക്കുകയാണല്ലോ. മാധ്യമങ്ങളുടെ സ്വാധീനം ഏറെ വർദ്ധിച്ച ഒരു കാലഘട്ടത്തിലാണ് നാമിപ്പോൾ - ആശയവിനിമയ ലോകത്ത് വന്ന വിപ്ലവകരമായ മാറ്റങ്ങൾ നാനാ രംഗങ്ങളിൽ പുരോഗതിയ്ക്ക് വഴി തെളിച്ചിട്ടുണ്ട്. എന്നിരുന്നാലും മാധ്യമ സ്വാധീനം വിശ്വാസജീവിതത്തിലും ധാർമ്മിക ജീവിതത്തിലും വെല്ലുവിളികൾ ഉയർത്തുകയും സമൂഹത്തിലും കുടുംബങ്ങളിലും യഥാർത്ഥവും സമീപസ്ഥവുമായ വ്യക്തി ബന്ധങ്ങൾക്ക് കുറവ് വരുത്തുകയും ചെയ്യുന്നതും നമ്മുടെ അനുഭവങ്ങൾ തന്നെയാണ്. മാധ്യമങ്ങളുടെ സ്വാധീനത്തെക്കുറിച്ചും, നന്മ തിന്മകളെ തിരിച്ചറിഞ്ഞ് കാലഘട്ടം ആവശ്യപ്പെടുന്നവിധം സമ്പർക്ക മാധ്യമങ്ങളെ ഉപയോഗിക്കാനുള്ള നമ്മുടെ കടമയെക്കുറിച്ചും ചിന്തിക്കുവാൻ ഈ സമ്പർക്ക മാധ്യമ ദിനാചരണം നമുക്ക് അവസരമാകട്ടെ.

നമ്മുടെ രൂപതയിൽ പുതിയ പദ്ധതികളുമായി പ്രവർത്തനം ത്വരിതപ്പെടുത്തുന്ന മാധ്യമ കമ്മീഷൻ ഡയറക്ടറായ ബഹു. തോമസ് ജോസഫ് തേരകം അച്ചനും സഹപ്രവർത്തകർക്കും അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു.

നവംബർ 13-ാം തീയതി പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് ആ തുക രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**അഭിനന്ദനങ്ങൾ**

ബാംഗ്ലൂർ ധർമ്മാരാം വിദ്യാ ക്ഷേത്രത്തിൽ നിന്ന് തത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ റവ. ഡോ. പോൾ കൊരണ്ടിയാർക്കുന്നേലിന് രൂപത മുഴുവന്റെയും അഭിനന്ദനങ്ങളും ആശംകളും നേരുന്നു.

2011 ഒക്ടോബർ 11 നായിരുന്നു HUMAN SELF TRANSCENDENCE - A Franklian Perspective എന്ന തന്റെ ഗവേഷണ പ്രബന്ധത്തിന്റെ അവതരണം നടത്തിയത്. അച്ചന്റെ ഗവേഷണ പഠനത്തിൽ ഡയറക്ടർ ആയിരുന്ന Dr. Jose Thadavanal അച്ചനെയും സഹ ഡയറക്ടറായിരുന്ന Dr. Sebastian Alackappally അച്ചനെയും പഠനത്തിന് അവസരമൊരുക്കിയ ധർമ്മാരാം വിദ്യാക്ഷേത്രത്തേയും ഈ ഉദ്യമത്തിൽ സഹകാരികളായി വർത്തിച്ച എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു.

**സ്നേഹസ്മരണ**

ബഹു. ചൂരയ്ക്കാമറ്റത്തിലച്ചന്റെ ചരമദിനം നവംബർ 12-ാം തീയതിയാണ്. അന്നേ ദിവസം അച്ചനെ വിശുദ്ധ കുർബാനയിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

## Young Priests' Course

നവംബർ 21-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 7 മണിമുതൽ 24-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 4 മണിവരെയാണ് യുവ വൈദികർക്കുവേണ്ടിയുള്ള ഈ വർഷത്തെ സെമിനാർ. 2001 ഡിസംബറിൽ പുത്തൻ കുർബാന സ്വീകരിച്ചവർ തുടങ്ങിയുള്ള എല്ലാ യുവ വൈദികരും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

## New Phone Numbers

| | | |
|---|---|---|
| Rev. Fr. Siby Cheruthottil | Mob : | 0039 349 598 6539 |
| Rev. Fr. Joshy Manjakunnel | Mob : | 0039 320 221 2211 |
| | Land : | 0039 06 25101 533 |
| Rev. Fr. Luke Thadathil | Mob : | 0039 349 625 2751 |
| | Land : | 0039 06 7061 4386 205 |
| Rev. Fr. Roy Vattakkattu | Mob : | 0039 327 841 6283 |
| | Land : | 0039 06 7726 7145 |
| Rev. Fr. Jojo Kudakkachira | Mob : | 0039 327 473 5941 |
| | Land : | 0039 06 2510 1528 |
| Dn. Manoj Kavalakkattu | Mob : | 0039 347 405 0239 |
| | Land : | 0039 06 665 261 |
| Bro. Anoop Kaliyaniyil | Mob : | 0039 331 784 1907 |
| | Land : | 0039 06 665 261 |
| Bro. Anto Chirayilparambil | Mob : | 0039 320 221 2825 |

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**

പ്രോട്ടോസിഞ്ചെല്ലൂസ്

# പ്രേഷിതവർഷം

## 2011 ആഗസ്റ്റ് – 2012 ആഗസ്റ്റ്

പന്തക്കുസ്താദിവസം പരിശുദ്ധാത്മാവിന്റെ ആഗമനത്തിലൂടെയും ആവാസത്തിലൂടെയും സ്ഥിരീകരിക്കപ്പെട്ട പരസ്യമായ പ്രേഷിതപ്രവർത്തനം അപ്പസ്തോലന്മാരുടെ സംഘാതമായ നേതൃത്വത്തിന്റെ നിയന്ത്രണത്തിലായി. അപ്പസ്തോലസമൂഹത്തിലൂടെ ഒരു ഭരണഘടന വ്യക്തമായി രൂപപ്പെട്ടു. അധികാരവികേന്ദ്രീകരണത്തിലൂടെ പത്രോസ് തന്റെ സഹപ്രവർത്തകരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രക്ഷാകരമായ സുവിശേഷപ്രഘോഷണം നടത്തുവാൻ ചുമതലപ്പെടുത്തി വിടുകയാണ്. വിശ്വാസത്തിൽ ഒരുമിച്ചുകൂട്ടപ്പെട്ട ഈ ക്രൈസ്തവ സമൂഹത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്ത ശിഷ്യന്മാർ അതിന്റെ നിലനിൽപ്പിനും വളർച്ചയ്ക്കും ഉത്തരവാദികളായി.

പിതാവ് പുത്രനെ അയച്ചതുപോലെ, യേശു ശിഷ്യന്മാരെ തിരഞ്ഞെടുത്ത് പരിശീലിപ്പിച്ച് അയച്ചതുപോലെ പത്രോസും തന്റെ അനുയായികളെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും അയയ്ക്കുന്നു. അയച്ചവരും അയയ്ക്കപ്പെട്ടവരും തമ്മിൽ അഭേദ്യബന്ധമാണ് തുടരുന്നത്. ലേഖനങ്ങളിലൂടെ സന്ദർശനങ്ങളിലൂടെ പ്രതിനിധികളിലൂടെ ആശയവിനിമയങ്ങൾ നടത്തി പരസ്പര പ്രോത്സാഹനവും പ്രശ്നങ്ങൾക്ക് പരിഹാരവും കണ്ടെത്തിയിരുന്നു. ജറുസലേം സൂനഹദോസുപോലെയുള്ള ഔദ്യോഗിക സമ്മേളനങ്ങളിൽ സഭയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും സഭയുടെ ഭാവിപ്രവർത്തനങ്ങൾക്ക് രൂപംകൊടുക്കുകയും ചെയ്തിരുന്നു. ക്രിസ്തുവിനെപ്പറ്റി അറിഞ്ഞിട്ടില്ലാത്ത സ്ഥലങ്ങളിലേക്ക് ക്രിസ്തുവിനെ കണ്ടിട്ടുള്ളവരെയോ ക്രിസ്തു അനുഭവം പര

മ്പരാഗതമായി ലഭിച്ചിട്ടുള്ളവരെയോ അയയ്ക്കുക എന്നത് സഭയുടെ ചുമതലയായി മാറി.

ഇങ്ങനെ അയയ്ക്കപ്പെട്ടിരുന്നവർക്ക് പ്രധാനമായും രണ്ടു ദൗത്യ മാണുണ്ടായിരുന്നത്. ഒന്ന്: യഹൂദർ കുരിശിൽ തറച്ച് വധിച്ച നസ്രായ നായ യേശു ദൈവപുത്രനാണെന്നും സ്വർഗ്ഗത്തിൽ നിന്നു വന്ന രക്ഷ കനാണെന്നും ഈ രക്ഷകനിലൂടെ മാത്രമേ നിത്യജീവൻ നേടാനാകൂ എന്നും ജനങ്ങളോട് പ്രഘോഷിക്കുക. രണ്ട്: ഈ സത്യത്തിൽ വിശ്വ സിക്കുന്നവരുടെ കൂട്ടായ്മയാണ് സഭ. മാമ്മോദീസ സ്വീകരിച്ച് ഈ സമൂ ഹത്തിൽ ഔദ്യോഗികമായി അംഗങ്ങളാകുന്നത് രക്ഷയുടെ ഉറപ്പുള്ള മാർഗ്ഗമാണ്. ചുരുക്കിപറഞ്ഞാൽ പ്രേഷിത സഭയുടെ ഏറ്റവും പ്രധാന പ്പെട്ട ദൗത്യം ക്രിസ്തുവിനെ അറിയാത്തവരുടെ ഇടയിൽ ക്രിസ്തുവി നെപ്പറ്റി പറഞ്ഞ് അവരെ ക്രിസ്തുവിലേക്ക് 'മാനസാന്തര'പ്പെടുത്തു കയും സഭയുടെ പുതിയ ശാഖകൾ സ്ഥാപിക്കുകയുമായിരുന്നു. വിവിധ രാജ്യങ്ങളിൽ ഈ പ്രവർത്തന ശൈലി പ്രായോഗികമാക്കിയപ്പോൾ സഭ ഒരു ആഗോള പ്രസ്ഥാനമായി വളർന്നു. എങ്കിലും ക്രിസ്തു സ്ഥാപിച്ച ഏകവും പരിശുദ്ധവും സാർവ്വത്രികവും ശ്ലൈഹികവുമായ സഭയുടെ നേതൃത്വം ക്രിസ്തുവിലൂടെ ശിഷ്യന്മാർക്കും അവരുടെ പിൻഗാമി കൾക്കും അഖണ്ഡവും അനിഷേധ്യവുമായ വിധത്തിൽ നൽകപ്പെട്ടു. ക്രമേണ ആഗോള സഭയുടെ സിരാകേന്ദ്രം റോമിൽ ഉറയ്ക്കുകയും ക്രിസ്തുവിന്റെ ദൃശ്യപ്രതിനിധിയായി മാർപാപ്പയെ അവിടെ അവരോ ധിക്കുകയും ചെയ്തു. അങ്ങനെ ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന സഭാസമൂഹത്തെ നയിക്കുകയും ഭരിക്കുകയും ചെയ്യുന്ന ഒരു സംവി ധാനമുണ്ടായി.

സഭാസമൂഹം വളർന്നപ്പോൾ റോമിലെ ഭരണശൈലിയിലും മാറ്റ ങ്ങൾ വന്നു. പ്രേഷിത പ്രവർത്തനം വിശ്വാസപ്രഘോഷണത്തിനുള്ള (Propaganda Fide) ഒരു പ്രത്യേക തിരുസംഘത്തിന്റെ കീഴിലായി. ലോക ത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പ്രേഷിതരെ പരിശീലിപ്പിച്ച് അയയ്ക്കു കയും അവരുടെ പ്രവർത്തനങ്ങളിലൂടെ രൂപം കൊള്ളുന്ന സമൂഹങ്ങളെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ചുമതല ഈ തിരുസം ഘത്തിനു നൽകി. ഈ പ്രവർത്തനശൈലിയും ഭരണരീതിയുമായിരുന്നു കഴിഞ്ഞ നൂറ്റാണ്ടുവരെ നിലനിന്നിരുന്നത്.

ക്രിസ്തുവിൽ നിന്നും ലഭിച്ച പിൻതുടർച്ചാവകാശവും പ്രബോ ധനാധികാരവും ഉപയോഗിച്ച് ലോകമെമ്പാടും നടക്കുന്ന പ്രേഷിത യജ്ഞങ്ങളെ സഭ സമന്വയിപ്പിച്ച് മുന്നോട്ട് നയിക്കണം. അതിന് മാർഗ്ഗ

ദർശനം നൽകുന്ന മാധ്യമങ്ങളിൽ നിന്നാണ് മാർപാപ്പമാരുടെ കാലാകാലങ്ങളിലെ ചാക്രികലേഖനങ്ങൾ. 1919 നവംബർ 30-ാം തീയതി ബനഡിക്ട് പതിനഞ്ചാമൻ മാർപാപ്പയാണ് സഭയുടെ പ്രേഷിത പ്രവർത്തനത്തെ മാത്രം പരാമർശിച്ചുകൊണ്ട് മാക്സിമും (Maximum Illud) എന്ന ചാക്രികലേഖനം ആദ്യമായി പ്രസിദ്ധീകരിച്ചത്. ലോകത്തിന്റെ അന്നത്തെ അവസ്ഥയും പ്രേഷിതപ്രവർത്തിയിൽ സഭയുടെ അപര്യാപ്തതയും അതിനുപരിഹാരമായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങളുമാണ് ഈ ചാക്രിക ലേഖനത്തിലെ പരാമർശം. 42 നമ്പറുകളിലായി എഴുതപ്പെട്ടിരിക്കുന്ന ഈ ലേഖനത്തിന്റെ സിംഹഭാഗവും പ്രേഷിതരെയും അവർ സ്വീകരിക്കേണ്ട പ്രേഷിത പ്രവർത്തനമാർഗ്ഗങ്ങളെയും ലക്ഷ്യമാക്കിയിട്ടുള്ളതാണ്. മാർപാപ്പ എഴുതുന്നു "ഈ ലേഖനം എഴുതുമ്പോൾ രണ്ടു ലക്ഷ്യങ്ങളാണ് എന്റെ മനസിലുള്ളത് ഒന്ന്: പുരോഹിതരായ നിങ്ങളെയും നിങ്ങളുടെ ജനങ്ങളുടെ പ്രയത്നങ്ങളെയും പ്രോത്സാഹിപ്പിക്കുക. രണ്ട്: മഹത്തായ ഈ സംരംഭത്തെ (പ്രേഷിത പ്രവർത്തനത്തെ) അതിന്റെ പൂർണ്ണതയിലേക്ക് നയിക്കാൻ സഹായിക്കുന്ന ചില മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക. (No.7)

അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും കഴിയുന്ന 200 കോടി ആത്മാക്കൾ ലോകത്തിലുണ്ടെന്നും അവരെ വിശ്വാസത്തിന്റെ വെളിച്ചത്തിലേയ്ക്ക് കൊണ്ടുവരേണ്ട കടമ സഭയ്ക്കുണ്ടെന്നും മാർപാപ്പ ഈ ലേഖനത്തിലൂടെ സഭാംഗങ്ങളെ അനുസ്മരിപ്പിക്കുന്നു (No.6). 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സഭയുടെ പ്രേഷിത പ്രവർത്തനശൈലിയെയും സഭ ഉപയോഗിച്ചിരുന്ന മാർഗ്ഗങ്ങളെയും എത്തിച്ചേരേണ്ട ലക്ഷ്യത്തെയും ഈ ചാക്രികലേഖനം വളരെ സമ്യക്കായി പ്രതിപാദിക്കുന്നുണ്ട്. *(തുടരും)*

**ഫാ. ജോർജ്ജ് കിഴക്കേമുറി MCBS**
സുപ്പീരിയർ ജനറൽ

## കുട്ടികളുടെ സംഗമം ഭരണങ്ങാനത്ത്

പ്രേഷിതവർഷത്തോടനുബന്ധിച്ച് ഡിസംബർ 27-ാം തീയതി ഭരണങ്ങാനത്തുവച്ച് നടക്കുന്ന കുട്ടികളുടെ സംഗമത്തിൽ നമ്മുടെ രൂപതയിൽ നിന്നും 800 കുട്ടികളെ പങ്കെടുപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ പ്രോഗ്രാമിന്റെ നേതൃത്വം ചെറുപുഷ്പ മിഷൻലീഗിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഓരോ ഇടവകയിൽ നിന്നും ഹൈസ്കൂൾ തലത്തിലുള്ള മിഷൻലീഗ് അംഗങ്ങളെ പങ്കെടുപ്പിക്കാൻ

വേണ്ട ക്രമീകരണങ്ങൾ ബഹു. വികാരിയച്ചൻമാർ ചെയ്യുമല്ലോ. നവംബർ ഇരുപതാം തീയതിയോടുകൂടി എത്ര കുട്ടികൾ പങ്കെടുക്കുമെന്ന വിവരം അറിയിക്കുമല്ലോ. ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**പ്രേഷിതവർഷാചരണം - കല്ലോടി സെന്റ് ജോർജ് ഫൊറോന ദേവാലയം**

പ്രേഷിതവർഷത്തോടനുബന്ധിച്ച്, സീറോ മലബാർ സഭയുടെ പ്രേഷിതതീക്ഷ്ണത സ്വന്തമാക്കാൻ കല്ലോടി സെന്റ് ജോർജ്ജ് ഫൊറോന ദേവാലയ കൂട്ടായ്മയും മുന്നിട്ടിറങ്ങുകയാണ്. വിവിധ പരിപാടികളാണ് കല്ലോടിയിൽ രൂപം കൊടുത്തു നടപ്പിലാക്കുന്നത്. ഇടവകയിലെ ദൈവജനം മുഴുവൻ പ്രേഷിതതീക്ഷ്ണതയാൽ നിറയുകയെന്ന ഉദ്ദേശ്യത്തോടെയാണ് പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

ഒരുവർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ആചരണ പരിപാടികൾ നിലവിളക്കിൽ നാളം തെളിയിച്ചുകൊണ്ട് വികാരി റവ. ഫാ. ജോർജ്ജ് മമ്പള്ളിൽ നിർവ്വഹിച്ചു. ബൈബിൾ വായന എല്ലാ കുടുംബത്തിലും നിറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ ദേവാലയത്തിലും, കുടുംബങ്ങളിലും ബൈബിൾ ഉല്പത്തി മുതൽ വായിക്കുന്നതിന്റെ ഔപചാരിക ഉദ്ഘാടനം ബൈബിൾ പ്രതിഷ്ഠ നടത്തിക്കൊണ്ട് അസി. വികാരി റവ. ഫാ. ഡെന്നീസ് പൂവത്തിങ്കൽ നിർവ്വഹിച്ചു. വായനാ ഉദ്ഘാടനം മുഖ്യ മതാദ്ധ്യാപകൻ ശ്രീ. അബ്രാഹം ചാരംതൊട്ടിയിൽ, മിഷൻലീഗ് ആനിമേറ്റർ സി. നിർമ്മൽ FCC, പ്രതിനിധി ശ്രീമതി ഷീല ചെറുപ്ലാവിൽ എന്നിവർ ചേർന്ന് ആരംഭിച്ചു. തുടർന്ന് ഈ വർഷത്തെ പരിപാടികളിൽ മനസുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ രണ്ട് പേജ് വരുന്ന മുഖപത്രം ബഹു. വികാരിയച്ചൻ പുറത്തിറക്കി. തുടർന്ന് ആഘോഷമായ സമൂഹ ഗാനപൂജ അർപ്പിച്ചു. പിന്നീട് പ്രേഷിതവർഷ ചിന്തകൾ ദേവാലയത്തിൽ വരുന്നവർക്കുണ്ടാകുവാൻ പ്രേഷിതവർഷഫലകം ദേവാലയത്തിൽ സ്ഥാപിച്ചു. ഈ ഒരു വർഷം നടത്തപ്പെടുന്ന ആചരണപരിപാടികൾക്ക് കൈക്കാരന്മാരായ ശ്രീ. ജെസ്റ്റിൻ കല്ലുവിളയിൽ, ഒസേപ്പ് മൂപ്പാട്ടിൽ, എം.കെ.ജോർജ്ജ്, വർക്കി നെടുംചാലിൽ, ബഹു. സിസ്റ്റേഴ്സ്, സ്കൂൾ മുഖ്യ അദ്ധ്യാപകർ, മതാദ്ധ്യാപകർ എന്നിവർ നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

മിഷൻ മാസമായ ഒക്ടോബർ മാസത്തിൽ ജപമാലയും, വി.ഗ്രന്ഥവും കൈകളിലേന്തി മിഷൻലീഗ് അംഗങ്ങളോട് ചേർന്ന്

കല്ലോടി ഇടവകയിലെ ദൈവജനം മുഴുവൻ 26 കുടുംബകൂട്ടായ്മക ളിലും പ്രാർത്ഥനയും, ബൈബിൾ പ്രയാണവും നടത്തുന്നുണ്ട്. ബൈബിൾ പ്രയാണം വളരെ ആവേശം നൽകുന്നതാണ്. എല്ലാ വാർഡു കാരും ഒന്നിനൊന്ന് മെച്ചമായി ബൈബിൾ പ്രയാണം മത്സരബുദ്ധി യോടെ നടത്തിവരുന്നു. വാർഡുകളിൽ നടത്തപ്പെടുന്ന ബൈബിൾ പ്രയാണത്തിൽ ബാനറുകൾ, കൊടികൾ, ദീപശിഖകൾ, വേഷവിധാന ങ്ങൾ, പ്രത്യേക അലങ്കാരങ്ങൾ, ബാൻഡ്മേളം, ചെണ്ടമേളം, പടക്ക ങ്ങൾ, മുദ്രാവാക്യങ്ങൾ, പ്ലക്കാർഡ് എന്നിവകൊണ്ട് ആവേശോജ്വല മാക്കി തീർക്കാൻ ശ്രമിക്കുന്നുണ്ട്. താൽപര്യമുള്ള അക്രൈസ്തവർക്ക് പുതിയനിയമം നൽകിക്കൊണ്ടിരിക്കുന്നു.

സിറോമലബാർ സഭയിലെ പ്രേഷിതവർഷാചരണം കല്ലോടി ഇടവകാംഗങ്ങൾക്ക് ചരിത്രത്തിൽ ഓർമ്മിക്കാൻ കഴിയുന്ന വിധത്തിൽ ആകർഷകമാണ്. പ്രാർത്ഥനകൊണ്ടും, പ്രവർത്തനംകൊണ്ടും, ജീവി തസാക്ഷ്യംകൊണ്ടും ഈ വർഷം പ്രേഷിതവർഷാചരണങ്ങൾ ജീവ സുറ്റതാക്കാൻ എല്ലാവരും ആവേശകരമായി മുന്നിട്ടിറങ്ങിയിരിക്കുന്നു. ക്രിസ്തുവിന്റെ പ്രേഷിത തീക്ഷ്ണത നമുക്ക് സ്വന്തമാക്കാം.

**സെന്റ് മേരീസ് ചർച്ച് വൈത്തിരി**

വൈത്തിരി ഇടവകയിൽ പ്രേഷിതവർഷത്തിന്റെ ഉദ്ഘാടനം റവ. ഫാ. ബിനു പൈനുങ്കൽ നിലവിളക്ക് തെളിച്ച് ആരംഭിച്ചു. ദേവാലയ ത്തിൽ പ്രേഷിതവർഷത്തോടനുബന്ധിച്ച് സമ്പൂർണ്ണ ബൈബിൾ പാരാ യണ യജ്ഞത്തിന് ആരംഭം കുറിച്ചു. ഇടവകയിലെ ഓരോ കുടുംബവും ഇതിന് നേതൃത്വം നൽകി വരുന്നു. ഏറ്റവും വലിയ പ്രേഷിതരായ വിശു ദ്ധാത്മാക്കളുടെ സാന്നിധ്യം അനുസ്മരിച്ചുകൊണ്ട് അനുദിന വിശുദ്ധ സ്മരണ പുതുക്കി വി. ബലിയ്ക്കുമുമ്പ് അനുദിന വിശുദ്ധരുടെ ചരിത്ര വായനയ്ക്ക് പ്രേഷിതവർഷത്തിൽ ആരംഭം കുറിച്ചു.

**കോർഡിനേറ്റർമാർ**

പ്രേഷിതവർഷ പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യാൻ വികാരിയച്ചന്മാരെ സഹായിക്കുന്നതിനായി ഒരു കോ-ഓർഡിനേറ്ററെ തിരഞ്ഞെടുത്ത് രൂപതാ കേന്ദ്രത്തിൽ അറിയിക്കാത്തവർ നവംബർ 15 നകം അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
പ്രേഷിതവർഷം രൂപതാ കോർഡിനേറ്റർ

## മതബോധനരംഗം

### അർദ്ധവാർഷിക പരീക്ഷ

മതബോധന കലണ്ടർ പ്രകാരം ഡിസംബർ 18–ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന അർദ്ധവാർഷിക പരീക്ഷ ഡിസംബർ 11 ലേയ്ക്ക് പുന:ക്രമീകരിച്ചിരിക്കുകയാണ്. അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### SMCC അവാർഡ്

സീറോ മലബാർ മതബോധന കമ്മറ്റി ഏർപ്പെടുത്തിയിരിക്കുന്ന അവാർഡിനായി രൂപതാ സെലക്ഷൻ ഗ്രൂപ്പിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ പ്രത്യേകം അഭിനന്ദിക്കുന്നു. നിശ്ചിത മാനദണ്ഡമനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ടവരുടെ ബഹുമുഖ പ്രതിഭാ പരീക്ഷയിൽ പങ്കെടുത്ത എല്ലാവരെയും അനുമോദിക്കുന്നു. അവരിൽ നിന്നും അടുത്ത stage ലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരെ വ്യക്തിപരമായി അറിയിക്കുന്നതാണ്. Multi Talent Test ൽ പങ്കെടുക്കുന്നവരുടെ പേര് വിവരം താഴെ ചേർക്കുന്നു.

| Sl.No. | Name | Forane | Parish |
|---|---|---|---|
| 1. | Anil Baby Madathil | Bathery | Meenangady |
| 2. | Mary Kuppathanath | | Thomattuchal |
| 3. | Vrintha Sunny Nedumkallel | | Bathery |
| 4. | Georgekutty Vallikunnel | Chungakunnu | Kottiyoor |
| 5. | Alekutty Olickal | | Palchuram |
| 6. | Jerin Tom Pulayanparambil | | Ambayathode |
| 7. | Beljin Alackal | Nilgiri | Kayyunni |
| 8. | Bibin Mekkattukunnel | | Kayyunni |
| 9. | Blessy Cheriyatharappel | | Kayyunni |
| 10. | Mary (Nivya) Eramangalath | | Kayyuni |

| | | | |
|---|---|---|---|
| 11. | Kuriakose Methippara | Kallody | Kallody |
| 12. | Lijo Ikkarakandathil | | Puthussery |
| 13. | Annamma Kurishingal | | Thonichal |
| 14. | Abhino Augustine Azhakanal | Kalpetta | Nedumpala |
| 15. | Chacko (Naijil) Pullappillil | | Vazhavatta |
| 16. | Mary Mutholickal | | Rippon |
| 17. | Treesa (Jasna) Appakottu | | Vazhavatta |
| 18. | Darvin Mattathilanickal | Mananthavady | Yavanarkulam |
| 19. | Ashna Kadavanoor | | Poroor |
| 20. | Midhun Chamakalayil | | Kaniyaram |
| 21. | Jeslin Rose (Amaya Rose) Koonamparambil | | Yavanarkulam |
| 22. | Jijo Jacob Thakarappillil | Manimooly | Palemad |
| 23. | Mariamma Kannamkallel | | Palemad |
| 24. | Princy Adappoor | | Palemad |
| 25. | Chinchu Poonattu | Mullenkolly | Pattanikoop |
| 26. | Rossa (Manju Devassia) Thekkedath | | Marakavu |
| 27. | Gladwin Vadakekudiyil | Nadavayal | Vilambukandam |
| 28. | Jibin Puthupally | | Chundakara |
| 29. | Femi Tom Parappillil | | Nadavayal |
| 30. | Chippy Tom Pynikal | | Chundakkara |
| 31. | Antony (Jithiu) Thekkeparambil | Nilambur | Edivanna |
| 32. | Jojo Tony Arangathu | | Pookoottumpadam |
| 33. | George Madathil | Payyampally | Ondayangadi |
| 34. | Akhil Jose (Varghees) Vazhachalil | | Ondayangadi |
| 35. | Elizabeth (Sharon) Veliyappilly | | Ondayangadi |
| 36. | Mary (Josmy) Pulppara | | Ondayangadi |
| 37. | Jins Olapurackal | Thariode | Thariode |
| 38. | Kuriakose (Abin) Mattathumalil | | Thariode |
| 39. | Dhanya Thevarkattil | | Chennalode |
| 40. | Annamma (Anisha) Chirayamkandathil | | Thariode |

## XII-ാം ക്ലാസ് കുട്ടികളുടെ ഫൊറോനതല പഠനസംഗമം

XII- -ാം ക്ലാസ് കുട്ടികൾക്കായി നടത്തുന്ന ഫൊറോനതല പഠനസംഗമം നിലമ്പൂർ, മണിമൂളി, ബത്തേരി, നടവയൽ, ഫൊറോനകളിൽ സംഘടിപ്പിച്ചു. ഫൊറോന ഡയറക്ടർമാരായ ഫാ. ജിൽസൻ കോക്കണ്ടം, ഫാ. സണ്ണി കൊല്ലാർതോട്ടം, ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ, ഫാ. ജോർജ് ആലുക്ക, ഫൊറോന ടീം അംഗങ്ങൾ,

ഫൊറോന സെക്രട്ടറിമാർ, അധ്യാപകർ, വികാരിയച്ചന്മാർ... എല്ലാവർക്കും ഹൃദ്യമായി നന്ദി. പഠനസംഗമത്തിന് ക്ലാസുകൾ നയിക്കുന്ന രൂപതാ ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി.

### മാതാപിതാക്കൾക്ക് സെമിനാർ

അടയ്ക്കാത്തോട്, കൽപ്ര, ഇടിവണ്ണ തുടങ്ങിയ ഇടവകകളിൽ മാതാപിതാക്കൾക്ക് സെമിനാർ നടത്തി. വികാരിയച്ചന്മാർക്കും സെമിനാർ നയിച്ച രൂപതാ ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി.

### വിശ്വാസോത്സവം

നവംബർ 12, 13 തീയതികളിൽ വിശ്വാസോത്സവം നടത്തേണ്ട കാര്യം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു. അധ്യാപകർക്ക് ആവശ്യമായ ബുക്കുലെറ്റ് ഒക്ടോബർ 30-ന് അധ്യാപക കൺവെൻഷൻ നടക്കുന്ന ദിവസം നൽകുന്നതാണ്. അധ്യാപകർ നന്നായി ഒരുങ്ങി നടത്തണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

### ഫൊറോന വാർത്തകൾ

ചുങ്കക്കുന്ന് ഫൊറോന:- സൺഡെസ്കൂൾ അധ്യാപക സംഗമം 5-10-11 ന് രാവിലെ 9.30 ന്റെ കൊന്തനമസ്കാരത്തോടെ ചുങ്കക്കുന്ന് പള്ളിയിൽ ആരംഭിച്ചു. തുടർന്ന് റവ.ഫാ. സജി ഇളയിടത്ത്, റവ.ഫാ. ജോസ് വടയാപറമ്പിൽ എന്നിവർ സഭാചരിത്ര പഠന ക്ലാസുകൾ നയിച്ചു. ദിവ്യബലിക്കുശേഷം ചേർന്ന പൊതുസമ്മേളനത്തിൽ ഫൊറോന വികാരി റവ.ഫാ. തോമസ് ചേറ്റാനിയിൽ അധ്യക്ഷത വഹിച്ചു. യോഗത്തിൽ 15 വർഷം പൂർത്തിയാക്കിയ 7 അധ്യാപകരെ പാരിതോഷികങ്ങൾ നൽകി ആദരിച്ചു. 132 അധ്യാപകർ പങ്കെടുത്ത പരിപാടിയിൽ മേഖലാ ഡയറക്ടർ ജോസ് വടയാപറമ്പിലച്ചൻ സ്വാഗതവും മേഖലാ സെക്രട്ടറി ജിൽസ് എം മേയ്ക്കൽ നന്ദിയും രേഖപ്പെടുത്തി. ഉച്ചഭക്ഷണത്തിനുശേഷം പരിപാടികൾ സമാപിച്ചു.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

**2011 ലോഗോസ് ക്വിസിന്റെ വിജയികൾ**

ഈ വർഷത്തെ ലോഗോസ് ക്വിസിന്റെ വിജയികൾക്ക് അഭിനന്ദനങ്ങൾ ആശംസകൾ. ഇവരെ ഒരുക്കുവാൻ സമയവും കഴിവും ഉപയോഗിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദി. വളരെ പ്രത്യേകമായി മാതാപിതാക്കളെയും, വികാരിയച്ചനെയും, മാതൃസംഘ ആനിമേറ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. വിജയികൾക്കുള്ള സമ്മാനദാനം ഡിസംബർ 15-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്ന മാതൃസംഘം ജനറൽ ബോഡി യോഗത്തിൽ വെച്ച് നിർവ്വഹിക്കുന്നതാണ്.

**എ വിഭാഗം**

I ഡോൺ ജോസ് മാത്യു ഞൊണ്ടൻമാക്കിൽ - കബനിഗിരി
II അഞ്ജു മോളത്ത് - വലിയകൊല്ലി
III ജിത്തു ജോസഫ് വടക്കെനിരപ്പിൽ - തേൾപ്പാറ

**ബി വിഭാഗം**

I ആഗ്നസ് അഴകനാൽ - നെടുമ്പാല
II ട്രീസ മൂലക്കരയിൽ - ചെന്നലോട്
III ജാസ്മിൻ ജോസ് കുര്യൻപറമ്പിൽ - പാതിരിപ്പാടം

**സി വിഭാഗം**

I നിഷ കൊല്ലംമാട്ടേൽ - മാർട്ടിൻനഗർ
II ഭവ്യ ജോബിത് നാടുക്കുന്നേൽ - നിലമ്പൂർ
III സി. സബിത ജോസ് CMC - കബനിഗിരി

**ഡി വിഭാഗം**

I സി. റോസ്ന ജോൺ SH - മണിമൂളി

| | | |
|---|---|---|
| II സി. റോസ്മിൻ CMC | - | നടവയൽ |
| III സി. യാൻസി അബ്രാഹം SH | - | ഒലിവുമല |

**ഇ വിഭാഗം**

| | | |
|---|---|---|
| I അച്ചാമ്മ തോമസ് കുന്നംകരിയിൽ | - | ഞാറപ്പാടം |
| II ചിന്നമ്മ മാത്യു പാലാത്ത് | - | ഇടിവണ്ണ |
| III അൽഫോൻസ കൊട്ടാരപ്പിള്ളി | - | ഒലിവുമല |

**ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ**

I മുള്ളൻകൊല്ലി

II വാഴവറ്റ

III ബത്തേരി

**ഇടവകാംഗങ്ങളുടെ അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ**

I ചുള്ളിയോട്

II വൈത്തിരി

III പനവല്ലി

**30 ശതമാനത്തിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ**

കുന്നംമ്പറ്റ (58.02), പുതിയിടംകുന്ന് (36.03), തലഞ്ഞി (34.09), മക്കിയാട് (31.05), ഇടിവണ്ണ (30.09).

**20 ശതമാനത്തിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ**

കല്ലുമുക്ക് (29.07), കരണി (28.09), വഞ്ഞോട് (28.09), അപ്പപാറ (28.03), കൽപ്പറ്റ (27.05), മുണ്ടേരി (27), തലപ്പുഴ (26.06), ബെക്കി (26.05), ഒലിവുമല (26.02), ഭൂതാനം (25), വാഴവറ്റ (25), ബാവലി (24.07), അറവൻകാട് (24), ഞാറപ്പാടം (23.08), പോരൂർ (23.06), പുഴമുടി (22.05), ലക്കിടി (22.02), നിരവിൽപ്പുഴ (22.02), മരക്കടവ് (22.01), തോമാട്ടുചാൽ (21.09), കോട്ടത്തറ (21.07), കൊളവയൽ (21.07), ജൂഡ്സ്മൗണ്ട് (21.07), എടപ്പെട്ടി (21.05).

**പ്രത്യേക ശ്രദ്ധയ്ക്ക്**

(1) C, D, E ഗ്രൂപ്പുകളിൽ ഏറ്റവും അധികം മാർക്ക് ലഭിച്ചിരിക്കുന്ന മാതൃസംഘടനാ പ്രവർത്തകരായ മൂന്ന് അമ്മമാരുടെ പേരുകൾ നവംബർ 15 ന് മുമ്പായി ഓഫീസിൽ എത്തിക്കണം പേരുകളോടൊപ്പം അംഗത്വകാർഡിന്റെ നമ്പർ കൂടി ചേർക്കണം.

(2) ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുടുംബത്തിന് (Five Members, Six Members or More Members). ഒരു കുടുംബത്തിൽ നിന്നും പരീക്ഷ എഴുതിയിരിക്കുന്ന (പരീക്ഷ എഴുതാൻ പ്രായമായ എല്ലാവരും) അംഗങ്ങളുടെ എല്ലാവരുടെയും മാർക്കുകൾ ഒരുമിച്ച് കൂട്ടി 05/06/ or More എന്ന ഗണത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന മൂന്ന് കുടുംബങ്ങൾക്ക് സമ്മാനം. പരീക്ഷ എഴുതാൻ പ്രായമായ (ആദ്യകുർബാന കഴിഞ്ഞ) അംഗങ്ങളിൽ ഒരാൾ പരീക്ഷ എഴുതാതിരുന്നാലും ആ കുടുംബത്തെ അംഗങ്ങളുടെ എണ്ണമനുസരിച്ചുള്ള ഗ്രൂപ്പിലായിരിക്കും കൂട്ടുക. (06 അംഗങ്ങൾ പരീക്ഷ എഴുതാവുന്ന കുടുംബത്തിൽ നിന്നും 05 പേർ പരീക്ഷ എഴുതിയാൽ അവരുടെ മാർക്ക് കൂട്ടുന്നത് 600–ൽ ആയിരിക്കും 500–ൽ ആയിരിക്കില്ല).

ഈ വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾ ഇടവകയിൽ നിന്നു ഉണ്ടെങ്കിൽ അവരുടെ പേര് വിവരം നവംബർ 15 ന് മുമ്പായി ഓഫീസിൽ എത്തിക്കണം. ആ ലിസ്റ്റിൽ കുടുംബത്തിൽ നിന്നു പരീക്ഷയെഴുതിയിരിക്കുന്ന ഓരോ അംഗത്തിന്റെ പേരും പ്രായവിഭാഗവും മാർക്കും ചേർത്തിരിക്കണം.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത വീണ്ടും സംസ്ഥാനതലത്തിൽ ഒന്നാമതായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇതിനു പിന്നിൽ ആത്മാർത്ഥമായി അധ്വാനിച്ച എല്ലാവരോടുമുള്ള നന്ദി മനസിലുണ്ട്. ശാഖാതലങ്ങളിൽ മിഷൻലീഗിനെ സജീവമാക്കിയ പ്രിയ വികാരിയച്ചൻമാരെയും, അവരോടു ചേർന്നു പ്രവർത്തിച്ച എല്ലാ ഭാരവാഹികളെയും, മേഖലാ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി ക്രമീകരിച്ച മേഖലാ ഡയറക്ടർമാരെയും, എക്സിക്യൂട്ടീവ് അംഗങ്ങളെയും, ഒപ്പം രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളെയും, ടീം അംഗങ്ങളെയും നന്ദിപൂർവ്വം ഓർക്കുന്നു. വളരെ പ്രത്യേകമായി കഴിഞ്ഞവർഷങ്ങളിൽ മിഷൻലീഗിനെ വളരെ ഭംഗിയായി മുന്നോട്ടുനയിച്ച ടോമി പുത്തൻപുരയ്ക്കൽ അച്ചനെ ഒത്തിരിയേറെ നന്ദിയോടും സ്നേഹത്തോടുംകൂടി ഓർക്കുന്നു.

സംസ്ഥാനതലത്തിൽ ഏറ്റവും മികച്ചമേഖലകളിൽ മൂന്നാം സ്ഥാനം ബത്തേരി മേഖല കരസ്ഥമാക്കി. ബത്തേരി മേഖലയിലെ പ്രവർത്തനങ്ങൾ വിജയകരമായി ക്രമീകരിച്ച ഷൈജു പള്ളിച്ചാംകുടി അച്ചനെയും, ഇപ്പോൾ മേഖലയെ നയിക്കുന്ന ബിജു പുന്നക്കാപ്പടവിൽ അച്ചനെയും അവരോട് ചേർന്ന് ഒത്തിരിയേറെ അധ്വാനിച്ച ഭാരവാഹികളെയും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

സംസ്ഥാനതലത്തിൽ ഏറ്റവും മികച്ച ശാഖകളിൽ മൂന്നാം സ്ഥാനം മുതിരേരി സ്വന്തമാക്കി. ഇതിനുപിന്നിൽ ഒത്തിരിയേറെ അധ്വാനിച്ച സജി കോട്ടായിൽ അച്ചനെയും, ഇപ്പോൾ ഇടവകയെ നയിക്കുന്ന ജോണി പെരുമാട്ടിക്കുന്നേൽ അച്ചനെയും, എല്ലാ ഭാരവാഹികളെയും ഒത്തിരിയേറെ സ്നേഹത്തോടെ അഭിനന്ദിക്കുന്നു.

മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ ഇനിയും എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രോത്സാഹനവും ഉണ്ടാകുമല്ലോ.

ഒത്തിരി നന്ദിയോടെ,

**സോണിയച്ചൻ**

സി.എം.എൽ. രൂപതാഡയറക്ടർ

**സംസ്ഥാന വിഹിതം**

സംസ്ഥാന വിഹിതമായി ശാഖകളിൽ നിന്നും തരേണ്ട നൂറ് രൂപ എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഗ്ലോറിയ ടെലി ബൈബിൾ ക്വിസ്**

സി.എം.എൽ. രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ടെലി ബൈബിൾ ക്വിസ് നവംബർ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും 3-4 വരെ നടത്തുന്നതായിരിക്കും. മത്സരത്തിൽ പങ്കെടുക്കുന്നവർ എല്ലാ ഞായറാഴ്ചയും മേൽപ്പറഞ്ഞ സമയം 04935 -241017 എന്ന നമ്പറിൽ വിളിച്ച് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. അപ്പസ്തോല പ്രവർത്തനങ്ങൾ 1-10 അധ്യായങ്ങൾ.

**പ്രേഷിത്-2011**

മേഖലാവിസിറ്റും ശാഖാസന്ദർശനവും കൊട്ടിയൂർ ഗൂഡല്ലൂർ കൽപ്പറ്റ മേഖലകളിൽ നടന്നു. ഫാ. സോണി വടയാപറമ്പിൽ, സി. ലിസ അലക്സ് SKD, സി. വിനീത SH, ഫാ. ബിജു തൊണ്ടിപ്പറമ്പിൽ, സി. ജെസി പോൾ SH, സി. ഡാനി മരിയ SABS, സജി തറപ്പുതൊട്ടിയിൽ, സി. റ്റെയ്സി SH, സി. ഫൗസ്ത CMC, സി. പ്രശാന്തി MSMI, ഷിൽസൺ കോക്കണ്ടത്തിൽ എന്നിവർ നേതൃത്വം നൽകി. സന്ദർശനത്തിന് സഹായിച്ച ടീം അംഗങ്ങൾക്കും ക്രമീകരണങ്ങൾ ചെയ്ത ഡയറക്ടറച്ചനും ശാഖാ ഭാരാവാഹികൾക്കും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

**ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപത വീണ്ടും ഒന്നാം സ്ഥാനത്ത്**

കഴിഞ്ഞ പ്രവർത്തനവർഷത്തെ മികച്ച പ്രവർത്തനങ്ങളുമായി സംസ്ഥാനത്തെ ഏറ്റവും മികച്ച രൂപതയായി തുടർച്ചയായി 7-ാം തവണയും മാനന്തവാടി രൂപത തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞവർഷത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരെ ഏറ്റവും നന്ദിപൂർവ്വം സ്മരിക്കുന്നു. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിച്ച് ഇപ്പോൾ കെ.സി.വൈ.എം. രൂപതാ ഡയറക്ടറായിരിക്കുന്ന ബഹു. ടോമി

യച്ചനെ ഏറ്റം നന്ദിയോടെ സ്മരിക്കുകയും അഭിനന്ദനമറിയിക്കുകയും ചെയ്യുന്നു. ഈ അവാർഡ് കരസ്ഥമാക്കാൻ രൂപതാ സമിതിയോട് ചേർന്ന് പ്രവർത്തിച്ച ശാഖാ മേഖലാ നേതൃത്വം ബഹു. വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, രൂപതാ ടീം അംഗങ്ങൾ എന്നിവരെ നന്ദി നിറഞ്ഞ ഹൃദയത്തോടുകൂടി അഭിനന്ദനമറിയിക്കുന്നു.

**ബത്തേരി മേഖല സംസ്ഥാനതലത്തിൽ III-ാം സ്ഥാനത്ത്**

സംസ്ഥാനതലത്തിലെ ഏറ്റവും മികച്ച മേഖലകളിൽ ബത്തേരി മേഖല മൂന്നാം സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നു. ബഹുമാനപ്പെട്ട ഷൈജു പള്ളിച്ചാംകുടിയച്ചന്റെ നേതൃത്വത്തിലുള്ള മേഖലാ ടീം വളരെ നന്നായി പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായാണ് ഈ അവാർഡ് ലഭ്യമായത്. മാനന്തവാടി രൂപതയ്ക്ക് അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കാൻ ബത്തേരി മേഖല ചെയ്ത എല്ലാവിധ പ്രവർത്തനങ്ങൾക്കും രൂപതാസമിതിയുടെ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**മുതിരേരി ശാഖ സംസ്ഥാനതലത്തിൽ III-ാം സ്ഥാനത്ത്**

സംസ്ഥാനത്തെ ഏറ്റവും മികച്ച ശാഖകളിൽ മുതിരേരിശാഖ മൂന്നാംസ്ഥാനം കരസ്ഥമാക്കി. ബഹു. സജി കോട്ടായിലച്ചന്റെ നേതൃത്വത്തിൽ ചിട്ടയായ പ്രവർത്തനങ്ങളുമായി പ്രോഗ്രാമുകൾ ക്രമീകരിച്ചതുകൊണ്ടാണ് സംസ്ഥാനതലത്തിൽ ശാഖ അംഗീകരിക്കപ്പെട്ടത്. മുതിരേരി ശാഖാ വികാരിയച്ചനെയും ശാഖാഭാരവാഹികളെയും മതാധ്യാപകരെയും രൂപതാസമിതി അഭിനന്ദനമറിയിക്കുന്നു.

**രൂപതാതലത്തിലെ ബെസ്റ്റ് മേഖലകൾ**

I ബത്തേരി, II കൽപ്പറ്റ, III തരിയോട്

**ബെസ്റ്റ് ശാഖ**

I മുതിരേരി, II കണിയാരം, III പോരൂർ

**36-ാം ബൈബിൾ കലോത്സവം-കല്ലോടി മേഖലയ്ക്കും കല്ലോടി ശാഖയ്ക്കും ഒന്നാംസ്ഥാനം**

ഒക്ടോബർ 8-ാം തീയതി ശനിയാഴ്ച ദ്വാരക സേക്രട്ട് ഹാർട്ട് ഹയർസെക്കന്ററി സ്കൂളിൽ നടന്ന ബൈബിൾ കലോത്സവത്തിൽ 304 പോയിന്റ് നേടി കല്ലോടി മേഖല ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. 283 പോയിന്റ് നേടി മാനന്തവാടി മേഖല രണ്ടാംസ്ഥാനവും 247 പോയിന്റ് നേടി നടവയൽ മേഖല മൂന്നാം സ്ഥാനവും നേടി.

ശാഖാതലത്തിൽ 93 പോയിന്റ് നേടി കല്ലോടി ശാഖ ഒന്നാംസ്ഥാനത്തിനും 90 പോയിന്റ് നേടി മീനങ്ങാടി ശാഖ രണ്ടാംസ്ഥാനത്തിനും

70 പോയിന്റ് നേടി പൂളപ്പാടം ശാഖ മൂന്നാം സ്ഥാനത്തിനും അർഹ മായി.

കലാമത്സരങ്ങൾ രൂപതാ മതബോധന ഡയറക്ടർ റവ. ഫാ. ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. റവ.ഫാ. സോണി വടയാപറമ്പിൽ സ്വാഗതമാശംസിച്ചു. രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷം വഹിച്ചു. അന്തർദേശീയ പ്രസിഡന്റ് ശ്രീ. തോമസ് ഏറണാട്ട്, കല്ലോടി മേഖല ഡയറക്ടർ റവ.ഫാ. ജെയിംസ് ചമ്പക്കര എന്നിവർ ആശംസകളർപ്പിച്ചു. ജനറൽ ഓർഗനൈസർ സജി വേങ്ങത്തടത്തിൽ സമ്മേളനത്തിന് നന്ദി പറഞ്ഞു. തുടർന്ന് 10 വേദികളിലായി നടന്ന മത്സരങ്ങൾക്ക് രൂപത എക്സിക്യൂട്ടീവ്, ടീം അംഗ ങ്ങൾ നേതൃത്വം നൽകി.

മത്സരങ്ങൾക്ക് ശേഷം നടന്ന സമാപനസമ്മേളനത്തിന് ജോ.ഡയറക്ടർ സി. ലിസ SDK സ്വാഗതമാശംസിച്ചു. കെ.സി.വൈ. എം. രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുര സമാപനസ ന്ദേശം നൽകി, കല്ലോടി ഫൊറോന വികാരി വെരി. റവ. ഫാ. ജോർജ്ജ് മമ്പള്ളിൽ സമ്മാനദാനം നിർവ്വഹിച്ചു. സംഭാവന കൂപ്പൺ വിജയി കൾക്കും ബെസ്റ്റ് മേഖല, ബെസ്റ്റ് ശാഖ വിജയികൾക്കും മത്സരവിജ യികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ജോ. സെക്രട്ടറി ദിൽന കാവനമാലിൽ സമാപനസമ്മേളനത്തിന് നന്ദിപറഞ്ഞു. മത്സരങ്ങൾ നന്നായി നടത്താൻ സഹായിച്ച രൂപത എക്സിക്യൂട്ടീവ് & ടീം അംഗ ങ്ങൾക്ക് രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു. മത്സരത്തിന് അംഗ ങ്ങളെ പങ്കെടുപ്പിച്ച ശാഖ മേഖലാ നേതൃത്വത്തെ ഏറെ നന്ദിയോടെ സ്മരിക്കുന്നു.

**സംസ്ഥാന ബൈബിൾ കലോത്സവം**

നവംബർ 12 ശനിയാഴ്ച തലശ്ശേരി രൂപതയിലെ സാൻജോസ് മെട്രോപോളിറ്റിൻ സ്കൂളിൽ സംസ്ഥാന ബൈബിൾ കലോത്സവം നട ക്കുകയാണ്. രൂപതാ ബൈബിൽ കലോത്സവത്തിൽ ഒന്നും, രണ്ടും സ്ഥാനങ്ങൾ നേടിയവരാണ് സംസ്ഥാന മത്സരത്തിൽ പങ്കെടുക്കേണ്ടത്. മത്സരത്തിൽ പങ്കെടുക്കുന്നതിനും ശാഖാതലത്തിലും മേഖലാതല ത്തിലും പരിശീലനങ്ങൾ നടത്തണമെന്ന് അറിയിക്കുന്നു.

**മിഷൻവിഹിതവും മിഷൻമാസ റിപ്പോർട്ടും**

മിഷൻമാസ റിപ്പോർട്ട് ഉടൻതന്നെ രൂപതാകേന്ദ്രത്തിൽ എത്തി ക്കണമെന്ന് വിനീതമായി അറിയിക്കുന്നു. ശാഖകളിൽ കിട്ടുന്ന മിഷൻപിരിവിന്റെ 15% രൂപതാ ഘടകത്തിലേയ്ക്കും 10% മേഖലാ ഘട കത്തിലേയ്ക്കും വിഹിതമായി നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു. രൂപതാ മേഖലാ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന ഈ തുക കൃത്യ മായി നൽകുമല്ലോ.

## ബൈബിൾ കലോത്സവം വിജയികൾ

**സബ്ജൂണിയർ – ആൺകുട്ടികൾ**

**സംഗീതം**

| | | | | |
|---|---|---|---|---|
| I | A | ഗോഡ്വിൻ മറ്റത്തിലാനിക്കൽ | യവനാർകുളം | മാനന്തവാടി |
| II | B | റൂബൻ പള്ളിക്കാതൊട്ടി | ചെന്നലോട് | തരിയോട് |
| III | B | റോമൽ മഠത്തിപ്പറമ്പിൽ | വാളവയൽ | നടവയൽ |

**പെൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | ഐറിൻ ഒറവനാംതടത്തിൽ | ചുണ്ടക്കര | നടവയൽ |
| II | B | മിന്നു വട്ടപ്പറമ്പിൽ | പുതുശ്ശേരിക്കടവ് | തരിയോട് |
| III | B | ജെമി കൂമാക്കിൽ | കല്ലോടി | കല്ലോടി |

**പ്രസംഗം – ആൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | സ്കറിയ ഇലഞ്ഞിക്കൽ | സീതാമൗണ്ട് | പുൽപ്പള്ളി |
| II | A | മാണി ചെറിയതറപ്പേൽ | പുൽപ്പള്ളി | പുൽപ്പള്ളി |
| III | A | ആൽബിൻ മാതേക്കൽ | ചുള്ളിയാന | കല്ലോടി |
| III | A | അമൽപള്ളത്ത് | കല്ലോടി | കല്ലോടി |

**പെൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | അല പള്ളത്ത് | കല്ലോടി | കല്ലോടി |
| II | A | മെർലിൻ മരിയ തുമ്പകാനായിൽ | പയ്യംമ്പള്ളി | പയ്യംമ്പള്ളി |
| III | A | ആൻ സെബാസ്റ്റ്യൻ വാരികാട്ട് | മീനങ്ങാടി | ബത്തേരി |

**ബൈബിൾ വായന – ആൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | മാണി ചെറിയതറപ്പേൽ | പുൽപ്പള്ളി | പുൽപ്പള്ളി |
| II | A | അരുൺ ചേറാടിയിൽ | പാലാങ്കര | മണിമൂളി |
| III | A | ക്രിസ്റ്റി മുണ്ടുപറമ്പിൽ | മംഗളം | തരിയോട് |

**പെൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | ആൻ സെബാസ്റ്റ്യൻ വാരികാട്ട് | മീനങ്ങാടി | ബത്തേരി |
| II | A | എലിസബത്ത് ഇടത്തുംപറമ്പിൽ | പുൽപ്പള്ളി | പുൽപ്പള്ളി |
| III | A | ജിറ്റി തേവരക്കാട്ട്കുന്നേൽ | കല്ലോടി | കല്ലോടി |

**ജൂണിയർ – സംഗീതം – ആൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | ജോയൽ വല്ലേൽ | ബത്തേരി | ബത്തേരി |
| II | A | അമയ് ഒറവനംതറ | ഇടിവണ്ണ | നിലമ്പൂർ |
| III | A | അശ്വൽ വല്ലത്ത് | മരക്കടവ് | പുൽപ്പള്ളി |

**പെൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | ജിയ വല്ലയിൽ | ബത്തേരി | ബത്തേരി |
| I | A | ധനു മരിയ തേക്കുംകാട്ടിൽ | ആടിക്കൊല്ലി | പുൽപ്പള്ളി |
| II | A | മരിയ കണിയാംകുന്നേൽ | പാലാങ്കര | മണിമൂളി |
| III | A | ലിഞ്ജു ആലയ്ക്കൽ | ചാരിറ്റി | കൽപ്പറ്റ |

**പ്രസംഗം – ആൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | ക്രിസ്റ്റി പഴമ്പള്ളി | മീനങ്ങാടി | ബത്തേരി |
| II | A | ആമോദ് കല്ലറയ്ക്കൽ | ആറാട്ടുതറ | പയ്യംമ്പള്ളി |
| III | A | ഇമ്മാനുവേൽ ഉറുമ്പിൽ | കൊട്ടിയൂർ | കൊട്ടിയൂർ |

**പെൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | റോസ്മേരി കൊച്ചുതൊട്ടി | തലഞ്ഞി | മണിമൂളി |
| II | A | ആതിര കുന്നിൻമേൽ | ചെറുകാട്ടൂർ | നടവയൽ |
| III | A | ശ്രേയ ചിറപ്പുറം | നടവയൽ | നടവയൽ |
| III | A | ഷെറിൻ കുറ്റിത്താനത്ത് | കാട്ടിക്കുളം | പയ്യമ്പള്ളി |
| III | A | ജോസിയ പാലത്തുംതലയ്ക്കൽ | മുതിരേരി | മാനന്തവാടി |

**ബൈബിൾ ക്വിസ് – ആൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | ജിതിൻ ചേറാടിയിൽ | പാലാങ്കര | മണിമൂളി |
| II | A | പ്രിൻസ് കണ്ണിക്കാട്ട് | പൂളപ്പാടം | നിലമ്പൂർ |
| III | A | അമൽ തേക്കിലക്കാട്ട് | പൂളപ്പാടം | നിലമ്പൂർ |

**പെൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | അമൃത ചിറമുഖം | പ്രശാന്തിഗിരി | മാനന്തവാടി |
| II | A | അഞ്ജലി കുളങ്ങര | മുതിരേരി | മാനന്തവാടി |
| III | A | ജോസ്ലിൻ കുഴുപ്പിൽ | ജൂഡ്സ്മൗണ്ട് | കല്ലോടി |
| III | A | ശ്രേയ വണ്ടർമാക്കിൽ | നെടുംമ്പാല | കൽപ്പറ്റ |
| III | A | അഭിന മൂലക്കര | ചെന്നലോട് | തരിയോട് |

**സീനിയർ – ലളിതഗാനം – ആൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | നെൽവരാഗ് പുതിയകുന്നത്ത് | ബത്തേരി | ബത്തേരി |
| II | A | അജിത്ത് മഠത്തിൽ | ഒഴുക്കൻമൂല | കല്ലോടി |
| III | A | ജിബിൻ ചെരുവിൽ | പൂളപ്പാടം | നിലമ്പൂർ |

**പെൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | ഹർഷ ചെരുവിൽ | ചോക്കാട് | നിലമ്പൂർ |
| II | A | തെരസ് നമ്പുടാകം | ചുങ്കക്കുന്ന് | കൊട്ടിയൂർ |
| III | A | സ്നേഹ പതിയമറ്റത്തിൽ | ചുണ്ടക്കര | നടവയൽ |

**പ്രസംഗം – ആൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | ടോണി അയ്യാനിക്കാട്ട് | തവിഞ്ഞാൽ | മാനന്തവാടി |
| II | A | സോണിജ് വാരാംകണ്ടത്തിൽ | കുഞ്ഞോം | കല്ലോടി |
| III | A | ജ്യോതിഷ് പാണ്ടിപ്പള്ളി | കരിമ്പിൽ | കല്ലോടി |
| III | A | സജേഷ് കുറുവൻവെളിയിൽ | കമ്മന | പയ്യമ്പള്ളി |

**പെൺകുട്ടികൾ**

| | | | | |
|---|---|---|---|---|
| I | A | ശലബ കിഴക്കേക്കര | ദ്വാരക | കല്ലോടി |
| II | A | ആഷ്ലി വെളിയത്ത് | തവിഞ്ഞാൽ | മാനന്തവാടി |

| | | | |
|---|---|---|---|
| III A | ഡോണ ഓരത്തേൽ | കരിമാനി | മാനന്തവാടി |

**ബൈബിൾ ക്വിസ് – ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I B | റോബിൻ വടതൊട്ടിയിൽ | പൂളപ്പാടം | നിലമ്പൂർ |
| II B | ജോസ് വരിക്കനാനിക്കൽ | നിലമ്പൂർ | നിലമ്പൂർ |
| III C | അജിസൺ അമ്പലതിങ്കൽ | ചെന്നലോട് | തരിയോട് |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | മെർലിൻ കുഴിമുള്ളിൽ | കല്ലോടി | കല്ലോടി |
| II A | അനീറ്റ മുണ്ടയ്ക്കൽ | കാരയ്ക്കാമല | കല്ലോടി |
| III A | ലിബിന പുത്തൻകുന്നേൽ | ധർമ്മഗിരി | നീലഗിരി |

**സൂപ്പർസീനിയർ – സംഗീതം – ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ഷിനു മഠത്താശ്ശേരി | പ്രശാന്തഗിരി | മാനന്തവാടി |
| II A | വിൻസെന്റ് പുത്തൻപുര | പുതിയിടംകുന്ന് | കല്ലോടി |
| III A | രാജേഷ് പനച്ചിക്കൽ | കൊട്ടിയൂർ | കൊട്ടിയൂർ |
| III A | സജി വട്ടക്കണ്ടി | പനവല്ലി | പയ്യമ്പള്ളി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ബിന്ദു വടയാപറമ്പിൽ | തലഞ്ഞി | മണിമൂളി |
| II A | സ്റ്റഫി മേപ്പാടത്ത് | പുതുശ്ശേരിക്കടവ് | തരിയോട് |
| III B | റോസ് മരിയ കുറുമ്പിൽ | കബനിഗിരി | പുൽപ്പള്ളി |

**പ്രസംഗം – ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | അനീഷ് ഓമക്കര | കേണിച്ചിറ | നടവയൽ |
| II A | റെനിൽ കഴുതാടിയിൽ | ദ്വാരക | കല്ലോടി |
| III A | ബിജോയ് കേളങ്ങാട്ടിൽ | ആലാറ്റിൽ | മാനന്തവാടി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | ജോഫിനാ റാത്തപ്പള്ളി | ഒഴുക്കൻമൂല | കല്ലോടി |
| II A | ജോതിസ് പള്ളത്ത് | നടവയൽ | നടവയൽ |
| III A | ലിറ്റി വെണ്ടർമാലിൽ | പുതിയിടംകുന്ന് | കല്ലോടി |

**ബൈബിൾ ക്വിസ് – ആൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | കുര്യാച്ചൻ ചിറമുഖം | പ്രശാന്തഗിരി | മാനന്തവാടി |
| II A | പയസ് അരുമായേൽ | ചോക്കാട് | നിലമ്പൂർ |
| III A | ജോസഫ് പുറങ്ങാട്ടിൽ | കടൽമാട് | ബത്തേരി |

**പെൺകുട്ടികൾ**

| | | | |
|---|---|---|---|
| I A | നിഷ കൊല്ലംമാട്ടേൽ | മാർട്ടിൻനഗർ | പയ്യമ്പള്ളി |
| II A | ജോസിയ വെണ്ണക്കാട്ട്പറമ്പിൽ | മരകാവ് | പുൽപ്പള്ളി |
| III A | ജിസ്ന ചുണ്ടക്കാട്ട് | ധർമ്മഗിരി | നീലഗിരി |
| III A | സിൻസി പാതിരപ്പറമ്പിൽ | മീനങ്ങാടി | ബത്തേരി |

**കാണിക്കതന്ന ശാഖകൾ**

മുട്ടിയേൽ – 100, നെല്ലിയോടി – 100

**പലതുള്ളി തന്ന ശാഖകൾ**

കേണിച്ചിറ–350, നടവയൽ–1000, വെള്ളൂന്നി–700, ചുങ്കക്കുന്ന് – 500, അമ്പായത്തോട് – 245, കുന്നലാടി – 100, ബെക്കി – 50, മച്ചിക്കൊല്ലി – 94, കൽപ്ര – 150, നെയ്ക്കുപ്പ – 75

**സംഭാവനകൂപ്പൺ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതാ പ്രവർത്തനഭാഗമായി ഇറക്കിയ സംഭാവന കൂപ്പണിന്റെ നറുക്കെടുപ്പ് 2–10–2011 എക്സിക്യൂട്ടീവിൽ നടത്തപ്പെട്ടു. നറുക്കെടുപ്പ് ഫലം താഴെകൊടുക്കുന്നു.

| | | | |
|---|---|---|---|
| I | ജെസ്ന കാരനിരപ്പിൽ | തരിയോട് | 61437 |
| II | മാത്യു പരിത്തിക്കുഴി | പടമല | 18804 |
| III | പ്രതീഷ് നാടുകുന്നേൽ | കുഞ്ഞോം | 3667 |

**പ്രോത്സാഹന സമ്മാനങ്ങൾ**

| | | | |
|---|---|---|---|
| 1. | വടക്കനാട് | ജോസ് പഴമ്പിൽ | 13817 |
| 2. | ചെറുകാട്ടൂർ | ജോർഡിയോ ഊരാശേരി | 12528 |
| 3. | അമ്പലവയൽ | സരസമ്മ കുരുക്കാട്ടുകുന്നേൽ | 20692 |
| 4. | പറളിക്കുന്ന് | അഞ്ജലി കുര്യൻ കടവിൽ | 52381 |
| 5. | വിളമ്പുകണ്ടം | ജിബിൻ കണ്ണോത്ത് | 28407 |
| 6. | ജൂഡ്സ്മൗണ്ട് | അൽഫോൻസ വിൻസെന്റ് പന്നിത്തുരുത്തേൽ | |
| 7. | നിലമ്പൂർ | അലീഷ തൈപ്പറമ്പിൽ | 9186 |
| 8. | തവിഞ്ഞാൽ | ജിജോ ദേവസ്യ അറയ്ക്കൽ | 36719 |
| 9. | തൃശിലേരി | മാർട്ടിൻ ആലയ്ക്കൽ പുലിക്കാട് | 55086 |
| 10. | മുണ്ടേരി | ത്രേസ്യാമ്മ നെല്ലാനിക്കാട്ട് | 38055 |
| 11. | കൽപ്പറ്റ | ഏലമ്മ തേമാംകുഴി | 21067 |
| 12. | മണ്ണുവയൽ | മഞ്ചു വി.ബി. വെള്ളക്കട | 11851 |
| 13. | ദ്വാരക | ജോസ്ന ചാലിൽ | 50900 |
| 14. | പുതുശ്ശേരി | പ്രസന്നൻ പൂളൻപാറ | 39041 |
| 15. | ഇരുളം | ഫാ. ജിമ്മി ഓലിക്കൽ | 22497 |
| 16. | കണിയാരം | ഷാജി പുതുപ്പറമ്പിൽ | 50227 |
| 17. | ഭൂദാനം | പ്രഭുൽ | 320870 |
| 18. | പഴൂർ | സിസിൽ കടപ്ലാക്കൽ | 19904 |
| 19. | മരക്കടവ് | സരസു | 23887 |
| 20. | കേളകം | അലൻ വാളിയാങ്കൽ | 26367 |
| 21. | വാളാട് | ആൽബിൻ സെബി മഠത്തികൂട് | |

| | | | |
|---|---|---|---|
| 22. | മീനങ്ങാടി | ആൻജോ മാങ്ങൻ | 12913 |
| 23. | ഇടയൂർകുന്ന് | ലൈബി പുത്തൻപുര | 17687 |
| 24. | പന്തിപ്പൊയിൽ | അബിൻ ഇൻകോ നഗർ | 4911 |
| 25. | പേരിയ | അനീഷ് ജോസഫ് മണ്ണുശ്ശേരിയിൽ | |
| 26. | പാലേമാട് | മാത്യു വാകത്താനത്ത് | 32160 |
| 27. | മരകാവ് | ജിതിൻ റോയി വെള്ളാപ്പിള്ളിൽ | 24549 |
| 28. | റൂബിനഗർ | സി. ഏയ്ഞ്ചൽ മേരി | 33726 |
| 29. | തരിയോട് | രാജേഷ് മുട്ടാപ്പള്ളി | 27651 |
| 30. | കുഞ്ഞോം | പ്രശാന്ത് കുന്നുമ്മേൽകണ്ടി | 33642 |
| 31. | പാതിരിപ്പാടം | ജാസ്മിൻ കുര്യൻ പറമ്പിൽ | 25058 |
| 32. | റിപ്പൺ | റഫീഖ് കടപ്പിക്കുന്ന് | 31471 |
| 33. | തെനേരി | സി.എം.എൽ. തെനേരി | 25315 |
| 34. | മണിമൂളി | നോയൽ വെന്റോൺറസ് | 46678 |
| 35. | മാനന്തവാടി TC | എസ്‌ലിൻ മനേലിൽ | 54794 |
| 36. | തേൾപ്പാറ | ട്രീസ പള്ളിയാറടിയിൽ | 48804 |
| 37. | പുൽപ്പള്ളി | വിനോദ് എം.വി. മധുരയ്ക്കൽ | 28339 |
| 38. | കുറ്റിമൂല | മെറിൻ പൊട്ടനാനിക്കൽ | 12375 |
| 39. | ഇടിവണ്ണ | ഷാജി പൂവത്തിങ്കൽ | 28097 |
| 40. | ദീപ്തിഗിരി | സെലിമ മൈയേക്കാരൻ | 42964 |
| 41. | ചൂരൽമല | സെലിൻ സാബു കളങ്ങാലിൽ | 24020 |
| 42. | തോമാട്ടുചാൽ | സാൻസൻ കീരിങ്കണ്ണയിൽ | 6626 |
| 43. | പുഴമുടി | അഷയ് ജോസഫ് ഞാറക്കുളത്ത് | |
| 44. | കൊമ്മയാട് | ലിജിൻസ് ലൂക്കോസ് കുഴിവേലിൽ | |
| 45. | അരിഞ്ചേർമല | ത്രേസ്യാ മാത്യു വെള്ളാതടത്തിൽ | 62373 |
| 46. | അമ്പായത്തോട് | ഷെറിൻ മാളിയേക്കൽ | 57357 |
| 47. | മംഗലശ്ശേരി | പ്രിയ മുട്ടത്തിൽ | 16574 |
| 48. | പുതുശ്ശേരിക്കടവ് | ജോസ് വടക്കേൽ | 25289 |
| 49. | വൈത്തിരി | കുര്യൻ തോലമ്മയ്ക്കൽ | 31879 |
| 50. | കുന്നലാടി | അഭിനവ് അഗസ്റ്റ്യൻ പുതുക്കുളം | 6864 |
| 51. | മുതിരേരി | മിഥുന മോളക്കുന്നേൽ | 19027 |
| 52. | പൂളപ്പാടം | നവീൻ വടക്കേടത്ത് | 31400 |
| 53. | വഞ്ഞോട് | അശ്വിൻ വട്ടപ്പിള്ളിൽ | 16163 |
| 54. | പനവല്ലി | ആന്റണി ജോയി വെട്ടിക്കാട്ട് | 24615 |
| 55. | ചോക്കാട് | വിൻസെന്റ് മഠത്തിനകത്ത് | 34604 |
| 56. | ശാന്തിഗിരി | റോൾഫി മരുതുങ്കൽ | 48952 |

| | | | |
|---|---|---|---|
| 57. | കാരയ്ക്കാമല | മേരി ദേവസ്യ പൊട്ടയ്ക്കൽ | 43899 |
| 58. | കല്ലുവയൽ | റെജിതാ ഗ്രീൻഹിൽസ് സ്കൂൾ | 10465 |
| 59. | പടമല | വിനോദ് വി.സി. വടക്കേപുത്തൻപുര | 27838 |
| 60. | മൊതക്കര | അഞ്ജു മറ്റത്തിൽ | 41965 |
| 61. | ഒലിവുമല | എസ്.എച്ച്. കോൺവെന്റ് ചാരിറ്റി | |
| 62. | എടപ്പെട്ടി | ജിജി പൊൻവേലി | 19879 |
| 63. | കടൽമാട് | ബിന്ദു ഇല്ലിക്കൽ | 14409 |
| 64. | കബനിഗിരി | സ്നേഹ കുന്നുംപുറത്ത് | 23333 |
| 65. | ചാരിറ്റി | ജനീത റൂബി വട്ടപ്പറമ്പിൽ | 1880 |
| 66. | അടയ്ക്കാത്തോട് | ആന്റണി കുന്നേൽ | 27964 |
| 67. | കാട്ടികുളം | ജിസ്ന വർക്കി കൈതിക്കൽ | 17117 |
| 68. | കരിമ്പിൽ | സിസിലി നെടുമ്പെട്ടിയിൽ | 16058 |
| 69. | പാൽച്ചുരം | ജയ്സൺ മേലേപെരുമ്പള്ളിൽ | 17777 |
| 70. | ബെക്കി | സാജു കിഴക്കൻപുതുപ്പള്ളി | 8662 |
| 71. | കല്ലുമുക്ക് | അപ്പോളോ കളപ്പുരയ്ക്കൽ | 21890 |
| 72. | യവനാർകുളം | അലൻസോ എടാട്ടുകുന്നേൽ | 28454 |
| 73. | ഏലപ്പീടിക | ജയ്സൺ കാട്ടമ്പള്ളി | 49981 |
| 74. | പുതിയിടംകുന്ന് | വക്കച്ചൻ ചക്കാലക്കുടി | 40284 |
| 75. | നെല്ലിയോടി | ഗ്രീഷ്മ വടക്കേടത്ത് | 16855 |
| 76. | ചിത്രഗിരി | പെണ്ണമ്മ മൂത്തേടത്ത് | 7810 |
| 77. | പോരൂർ | മിനുമോൾ കുഴിയിണകിഴക്കേൽ | 9206 |
| 78. | ചെന്നലോട് | അജിത്ത് മൂലേക്കര | 25030 |
| 79. | കേണിച്ചിറ | ഏയ്ഞ്ചൽമേരി വലിയപറമ്പിൽ | 29170 |
| 80. | ഞാറപ്പാടം | ആത്വിൻ പറത്തനാൽ | 32721 |
| 81. | നെയ്ക്കുപ്പ | അഞ്ജു ജിജി ആനിക്കാട്ട് | 9504 |
| 82. | കണിയാമ്പറ്റ | പുഷ്പ കിളിക്കുന്നത്ത് | 52055 |
| 83. | ബത്തേരി | ടെനീഷ് പാട്ടപ്പറമ്പിൽ | 6491 |
| 84. | മക്കിയാട് | റോബിൻ കുറുപ്പനാട് | 3939 |
| 85. | തോണിച്ചാൽ | ജോയേൽ കുഴിവേലി | 26903 |
| 86. | പ്രശാന്തിഗിരി | നവനീത് കൃഷ്ണ പടിഞ്ഞാറേൽ | 29936 |
| 87. | വാകേരി | സൗമ്യ വിനീഷ് തോട്ടുംകര | 8128 |
| 88. | പട്ടാണികൂപ്പ് | നിജിൽ മാത്യു പൊന്നമ്പേൽ | 41532 |
| 89. | കല്ലോടി | തങ്കച്ചൻ കിഴക്കേപൈമ്പിള്ളിൽ | 3437 |
| | കല്ലോടി | ലീല ജോസഫ് വാണികാവിൽ | 46517 |
| 90. | ബോയ്സ് ടൗൺ | ജോൺ കെ.റ്റി. കോട്ടയിൽ | 25663 |

| | | | |
|---|---|---|---|
| 91. | ഒറ്റപ്ലാവ് | ബ്ലസൻ നടക്കൽ | 18053 |
| 92. | മച്ചിക്കൊല്ലി | മിനി വടക്കുംപാടം | 3777 |
| 93. | കരിമാനി | എൽസി കുഴികണ്ടത്തിൽ | 12390 |
| 94. | പാറത്തോട്ടം | സോണിയ കോഴിമണ്ണിൽ | 49365 |
| 95. | പുതിയിടം | ഫ്രാൻസീസ് മതിരപ്പിള്ളി | 46182 |
| 96. | പയ്യംമ്പള്ളി | ആൽബിൻ അരഞ്ഞാണിയിൽ | 45722 |
| 97. | ചുള്ളിയോട് | ജിതിൻ ജേക്കബ് താട്ടറാടിയിൽ | 1956 |
| 98. | കയ്യൂന്നി | അഗസ്റ്റ്യൻ പൂകലാത്ത് | 1490 |
| 99. | തലഞ്ഞി | ബിബിൻ കാരക്കാട്ട് | 4332 |
| 100. | കുന്നൂർ | പ്രീതിക്ക് | 2913 |
| 101. | നിരവിൽപ്പുഴ | ആനന്ദ് കോട്ടക്കുന്നിൽ | 42338 |
| 102. | ആടിക്കൊല്ലി | ഷെർലെറ്റ് മാത്യു മുതിരക്കാലായിൽ | 15410 |
| 103. | ചുള്ളിയാന | മത്തായി മാതേക്കൽ | 42869 |
| 104. | നടവയൽ | ജെസ്മ ജോസ് അമ്പാട്ട് | 60181 |
| 105 | മംഗളം | ഷാജു ഇലവുങ്കൽ | 58434 |
| 106 | വെള്ളൂന്നി | ഗൗതംകൃഷ്ണ കുറ്റിപറമ്പിൽ | 37149 |
| 107. | പാടിച്ചിറ | വിജയൻ പാടിച്ചിറ | 34893 |
| 108. | തലപ്പുഴ | കമല അക്ഷയ് | 37359 |
| 109. | കാവുംമന്ദം | വത്സല വിവേക് സദൻ | 35015 |
| 110. | വിമലഗിരി | ക്രിസ്റ്റീൻ തോമസ് നിരപ്പുതൊട്ടിയിൽ | 3155 |
| 111. | കുറുമണി | ആര്യ ശ്രീ പാത്തിക്കൽ | 56388 |
| 112. | പൂക്കോട്ടുംപാടം | ജോയി ചെമ്പകശ്ശേരി | 32266 |
| 113. | ആറാട്ടുതറ | ശ്രീഹരി ശ്രീരാഗം | 24497 |
| 114. | മുള്ളൻകൊല്ലി | അച്ചാമ്മ തങ്കച്ചൻ വട്ടപറമ്പിൽ | 14618 |
| 115. | കൽപ്ര | ബ്രിസ്റ്റോ കുഴികണ്ടം | 2735 |
| 116. | നരിവാലമുണ്ട | ശശീധരൻ എളിപ്ര | 43602 |
| 117. | മഞ്ഞൂറ | ചിന്നമ്മ ജോസഫ് കൂവയ്ക്കൽ | 26483 |
| 118. | കുറുമ്പാല | ഏയ്ലിൻ വെള്ളാപ്പിള്ളി | 55500 |
| 119. | ചുങ്കക്കുന്ന് | മറിയക്കുട്ടി തോണിക്കുഴി | 57049 |
| 120. | അമരക്കുനി | ജോൺസിജോ ചക്കുങ്കൽ | 14277 |
| 121. | കമ്മന | ജോർജ് കുന്നത്തുകുഴി | 17934 |
| 122. | കോട്ടത്തറ | ഷാരോൺ ആന്റണി വാതക്കൊടത്ത് | 50083 |
| 123. | ശിശുമല | അഭിഷ് ബിനോ നമ്പ്യാപറമ്പിൽ | 37281 |
| 124. | ആലാറ്റിൽ | അഭിയ ജിജി | 59497 |
| 125. | മാർട്ടിൻനഗർ | ജോസ്ന ജോസ് പെലക്കുഴി | 38979 |

| | | |
|---|---|---|
| 126. സീതാമൗണ്ട് | സുബിൻ നെടുംചാലിൽ | 36063 |
| 127. വാളവയൽ | അനുശ്രീ വി. ബാബു വട്ടക്കുന്നേൽ | 29082 |
| 128. വലിയകൊല്ലി | തോമസ് കാട്ടുപ്പാറ | 16305 |
| 129. ഒഴുക്കൻമൂല | ജോബിൻ തുരുത്തേൽ | 38705 |
| 130. അരുൾനിലയം | കെ.എം. ജോസ് കഴിക്കച്ചാലിൽ | 38831 |
| 131. മൂലങ്കാവ് | പ്രജ പനച്ചിക്കൽ | 22059 |
| 132. ധർമ്മഗിരി | പ്രിൻസി കുടിയിരുപ്പിൽ | 9982 |
| 133. നടവയൽ | ജാൻസി വിൽസൺ നെല്ലിക്കയത്ത് | 60475 |

**മേഖലാ വാർത്തകൾ**

**നടവയൽ**

ഏയ്ഞ്ചൽ മീറ്റ് നടത്തി. വിവിധ ശാഖകളിൽ നിന്നായി 170 കുഞ്ഞുമിഷനറിമാർ പങ്കെടുത്തു. രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ, ജോ. ഡയറക്ടർ സി. ലിസാ അലക്സ് എന്നിവർ നേതൃത്വം നൽകി. ഏയ്ഞ്ചൽ മീറ്റ് സംഘടിപ്പിച്ച മേഖലാ ഡയറക്ടറച്ചനും മേഖലാ ഭാരവാഹികൾക്കും എല്ലാ നന്ദിയും അറിയിക്കുന്നു.

**പയ്യമ്പള്ളി**

മേഖലാ കലാമത്സരം നടത്തി. കാട്ടിക്കുളം, പയ്യംമ്പള്ളി, മാർട്ടിൻനഗർ 1, 2, 3 സ്ഥാനം കരസ്ഥമാക്കി.

**കൊട്ടിയൂർ**

കാനാൻ ഹൈസ്കൂൾ കുട്ടികൾക്കായി സെമിനാർ നടത്തി.

**ബത്തേരി**

മേഖലാ കലാമത്സരം നടത്തി. ബത്തേരി മേഖലയിലെ മികച്ച ശാഖയായി - കടൽമാടും, മികച്ച പ്രവർത്തകനായി - സിജോ പുതിയിടത്തിനെയും തിരഞ്ഞെടുത്തു. പരീക്ഷയിൽ കൂടുതൽ മാർക്ക് നേടിയ പ്രിൻസ് മങ്കുത്തേലിന് 501 രൂപ കാഷ് അവാർഡ് നൽകി. പ്രേഷിത വർഷം ഉദ്ഘാടനം ചെയ്തു. സി. വെർജീനി SJC യെ (കുഞ്ഞേട്ടന്റെ മകൾ) ആദരിച്ചു. സ്പന്ദനം ന്യൂസ് ബുള്ളറ്റിൻ ഇറക്കി. വൈത്തിരി ജയിൽ സന്ദർശിച്ചു.

**ശാഖാ വാർത്തകൾ**

*ചോക്കാട്:-* വചന ഗാർഡൻ ഉണ്ടാക്കി. അൾത്താര വചനം കൊണ്ട് അലങ്കരിച്ചു. വചന പ്രതിഷ്ഠ നടത്തി.

*കയ്യൂന്നി:-* 'സ്വതന്ത്ര്യ ഇന്ത്യ' എന്ന വിഷയത്തെ ആസ്പദമാക്കി കൊളാഷ് നിർമ്മാണം നടത്തി.

*മീനങ്ങാടി:-* ഞാൻ ക്രിസ്തുവിന്റെ പ്രേഷിതൻ - എന്ന വിഷയത്തിൽ ഉപന്യാസ മത്സരം നടത്തി. വൃദ്ധസദനം സന്ദർശിച്ചു. പാവപ്പെട്ട ഒരു കുടുംബത്തിന് 10 കിലോ അരി നൽകി.

*അമരക്കുനി:-* പള്ളിസിമിത്തേരി, പരിസരം എന്നിവ വൃത്തിയാക്കി.
*ബെക്കി:-* ഭവനസന്ദർശനം നടത്തി. പരി.അമ്മയുടെ തിരുനാളിന് ഒരുക്കമായി കുഞ്ഞുമിഷനറിമാർ കൊന്തചൊല്ലി പ്രാർത്ഥിച്ചു.
*നരിവാലമുണ്ട:-* ക്രിസ്റ്റീൻ ധ്യാനം നടത്തി. ഡയറക്ടറച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു. പ്രേഷിതകൂടാരം നിർമ്മിച്ചു.
*കൊമ്മയാട്:-* ഒരു വിദ്യാർത്ഥി എങ്ങനെയായിരിക്കണം എന്ന വിഷയത്തെ ആസ്പദമാക്കി റവ.ഫാ. ഷിന്റോ ക്ലാസ് എടുത്തു.
*ആലാറ്റിൽ:-* പ്രേഷിതവർഷ വിളംബരജാഥ നടത്തി. ഡയറക്ടർ അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.
*മരക്കടവ്:-* കുഞ്ഞേട്ടന്റെ രണ്ടാം ചരമവാർഷികം ആചരിച്ചു. ഒപ്പീസും വി.ബലിയും നടത്തി. പരി.അമ്മയുടെ തിരുനാൾ ആഘോഷിച്ചു.
*മാർട്ടിൻനഗർ:-* പാവപ്പെട്ട ഒരു കുടുംബത്തിന് 10 കിലോ അരി നൽകി.
*ചുങ്കക്കുന്ന്:-* അർദ്ധദിന സെമിനാർ നടത്തി. രോഗീസന്ദർശനം നടത്തി.
*പുൽപ്പള്ളി:-* 15 ഭവനങ്ങൾ സി.എം.എൽ. അംഗങ്ങൾ സന്ദർശിച്ചു.
*മംഗളം:-* രോഗികളായി കഴിയുന്ന രണ്ട് വ്യക്തികളെകണ്ട് അവർക്ക് വേണ്ടി പ്രാർത്ഥിച്ചു.
*ആറാട്ടുതറ:-* അധ്യാപകദിനം ആഘോഷിച്ചു. പള്ളിപരിസരം വൃത്തിയാക്കി.
*ദീപ്തിഗിരി:-* ക്രിസ്റ്റീൻ ധ്യാനം നടത്തി.
*ഞാറപ്പാടം:-* അധ്യാപകരെ ആദരിച്ചു.
*ശശിമല:-* വി. ജോൺമരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു.
*പാതിരിപ്പാടം:-* മേഖലാ ദേശഭക്തിഗാനമത്സരത്തിൽ 7 കുട്ടികൾ പങ്കെടുത്തു.
*തെനേരി:-* ദൈവവിളി സെമിനാർ, ശാഖയിലെ ബെസ്റ്റ് സ്റ്റുഡന്റായ കുമാരി കരോളിൻ മടാശ്ശേരിയെ അനുമോദിച്ചു.
*പ്രശാന്തഗിരി:-* എട്ട് നോമ്പ് ആചരിച്ചു. ശാഖാക്യാമ്പ് നടത്തി.
*അമ്പായത്തോട്:-* പരി. മാതാവിന്റെയും സ്വാതന്ത്ര്യദിനത്തിന്റേയും അനുസ്മരണ കുറിപ്പുകൾ നിർമ്മിച്ചു.
*നെല്ലിയോടി:-* സെന്റ് കമ്മിലസ് ഹോസ്പിറ്റൽ സന്ദർശിച്ചു. മാതാപിതാക്കൾക്ക് ഏകദിന സെമിനാർ നടത്തി.
*കേണിച്ചിറ:-* ദൈവവിളി സെമിനാർ നടത്തി. ഏയ്ഞ്ചൽ മീറ്റിൽ പങ്കെടുത്തു.
പാൽച്ചുരം:- അധ്യാപകദിനം, വിദ്യാർത്ഥിദിനം ആചരിച്ചു. ആരാധന നടത്തി.

*ചുള്ളിയാന, വാളവയൽ, വഞ്ഞോട്, നിരവിൽപ്പുഴ, കരിമ്പിൽ, തവിഞ്ഞാൽ, ശാന്തിഗിരി:-* എന്നീ ശാഖകൾ ഓണത്തോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ നടത്തി.
*കുറുമ്പാല:-* മിഷൻമാസ വിളംമ്പര റാലി നടത്തി. പതാകനിർമ്മാണം നടത്തി.
*വൈത്തിരി:-* വൈത്തിരി ഗവ. ആശുപത്രിയിൽ ഭക്ഷണ വിതരണം നടത്തി. എടപ്പെട്ടിയിൽ വച്ചുനടന്ന അർദ്ധദിന സെമിനാറിൽ സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു.
*കേളകം:-* പെൺകുട്ടികൾക്കായി സി. മേരി ജോർജ് ക്ലാസെടുത്തു.
*ആടിക്കൊല്ലി:-* 8 നോമ്പ് ആചരിച്ചു. ബൈബിൾ സ്റ്റാർ, മിഷൻസ്റ്റാർ, സൺഡെസ്റ്റാർ തിരഞ്ഞെടുത്തു, പൂന്തോട്ടം നിർമ്മിച്ചു.
*ഒലിവുമല:-* സ്നേഹതീരം കൽപ്പറ്റ ഗവ. ഹോസ്പിറ്റലിൽ ഭക്ഷണം കൊടുത്തു. സെമിനാർ നടത്തി.
*ചാരിറ്റി:-* രോഗീസന്ദർശനം നടത്തി. സീനിയർ അംഗങ്ങൾക്കായി ലേഖന മത്സരം നടത്തി.
*ചിത്രഗിരി:-* ഗ്രൂപ്പടിസ്ഥാനത്തിൽ തയ്യാറാക്കിയ മാഗസിൻ പ്രകാശനം ചെയ്തു. മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിയ ജയിൽ സന്ദർശനത്തിന് 5 പേർ പങ്കെടുത്തു.
*പുതിയിടംകുന്ന്:-* ക്രിസ്റ്റീൻ ധ്യാനം നടത്തി.
*മംഗലശ്ശേരി:-* ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങളും കുഞ്ഞുമിഷനറിമാരും ചേർന്ന് മംഗലശ്ശേരി വെള്ളമുണ്ട റോഡ് വൃത്തിയാക്കി.
*കല്ലുവയൽ:-* സി. എം. എൽ. ഫണ്ട് രൂപീകരണം ലക്ഷ്യമാക്കി പയർനട്ടു.
*പോരൂർ:-* പള്ളിപരിസരം വൃത്തിയാക്കി, സ്നേഹാലയം സന്ദർശനം നടത്തി.
*പന്തിപ്പൊയിൽ:-* അധ്യാപകദിനം, ശിശുദിനം, മതബോധനദിനം ഇവ സംയുക്തമായി ആചരിച്ചു.
*കുറുമണി:-* പരി.ദൈവമാതാവിന്റെ ജനനതിരുനാൾ ആഘോഷിച്ചു.
*കുന്നലാടി:-* അമ്മമാരെ ആദരിച്ചു. പാവങ്ങൾക്ക് വസ്ത്രങ്ങൾ ശേഖരിച്ച് വിതരണം നടത്തി. പള്ളിയും പൂന്തോട്ടവും വൃത്തിയാക്കി.
*മച്ചിക്കൊല്ലി:-* സെപ്റ്റംബർ 8 ന് എല്ലാ അമ്മമാർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥന നടത്തി.
*ചെന്നലോട്:-* പള്ളിയും പരിസരവും വൃത്തിയാക്കി. അൾത്താരസംഘ പരിശീലനം നടത്തി.

*മുതിരേരി:-* സ്പന്ദനം - കൊളാഷ് തയ്യാറാക്കി. വിളംമ്പരജാഥ നടത്തി. പ്രേഷിത്ദൂത് 2011 ഭവനങ്ങളിൽ എത്തിച്ചു.
*കടൽമാട്:-* ബത്തേരി മേഖലയിലെ മികച്ച ശാഖയായി കടൽമാട് തിരഞ്ഞെടുക്കപ്പെട്ടു. സിജോ പുതിയേടത്ത് മികച്ച പ്രവർത്തകനായി തിരഞ്ഞെടുക്കപ്പെട്ടു
*പൂളപ്പാടം:-* ചോക്കാട്, മൂത്തേടം, ഉപ്പട എന്നീ കരുണാലയങ്ങൾ സന്ദർശിച്ചു. ചോക്കാട് വൃദ്ധമന്ദിരത്തിൽ ഓണസദ്യ നൽകുകയും വസ്ത്ര വിതരണം നടത്തുകയും, പാവപ്പെട്ട രണ്ട് കുടുംബത്തിന് 750 രൂപയുടെ ഓണക്കിറ്റ് നൽകുകയും ചെയ്തു.
*പനവല്ലി:-* ഡയറക്ടറച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു. വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിച്ച ശാഖാ പ്രസിഡന്റിന് എല്ലാവിധ വിജയങ്ങളും ആശംസിച്ചു.
*കാട്ടിക്കുളം:-* മേഖലയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.
*വെള്ളമുണ്ട:-* സിമിത്തേരി സന്ദർശനം നടത്തി.
*കൽപ്പറ്റ:-* കൽപ്പറ്റ മേഖലയിൽ ബെസ്റ്റ് ശാഖയായി തിരഞ്ഞെടുക്കപ്പെട്ടു. സീനിയർ അംഗങ്ങൾക്കായി ലേഖന മത്സരം നടത്തി.
*കോട്ടത്തറ:-* സമിത്തേരി സന്ദർശനം നടത്തി. വി.കുർബാനയുടെ മദ്ധ്യേ കാഴ്ച വച്ച സാധനങ്ങൾ അനാഥാലയങ്ങളിൽ വിതരണം ചെയ്തു.
*വാകേരി:-* വി. ഡോൺബോസ്കോയുടെ തിരുശേഷിപ്പ് വണങ്ങി. രൂപതാ ഭാരവാഹികൾക്കായി പ്രത്യേക പ്രാർത്ഥനയും ആരാധനയും നടത്തി.
*ഏലപ്പീടിക:-* പാവപ്പെട്ട രണ്ട് കുടുംബത്തിന് ഓണകിറ്റ് നൽകി.
*പാലേമാട്:-* അധ്യാപകദിനം ആചരിച്ചു. പള്ളിയും സൺഡെസ്കൂളും വൃത്തിയാക്കി.
*ഇടിവണ്ണ:-* ചികിൽസാ സഹായം നൽകി. ഓണാഘോഷം നടത്തി.
*കൽപ്ര:-* മേഖലാ മത്സരത്തിൽ പങ്കെടുത്ത വിജയികളെ അനുമോദിച്ചു.
*ജൂഡ്സ്മൗണ്ട്:-* ഏകദിന ധ്യാനം നടത്തി.
*മരകാവ്:-* ഓണാഘോഷ മത്സരപരിപാടികൾ സംഘടിപ്പിച്ചു.
*കരിമാനി:-* അമ്മമാർക്ക് കൊന്തയും പൂവും കൊടുത്ത് മാതൃദിനം ആചരിച്ചു.
*അമരക്കുനി:-* പരി. അമ്മയുടെ പിറവി തിരുനാളിൽ ജപമാലയിലും വി. ബലിയിലും നൊവേനയിലും സി.എം.എൽ. അംഗങ്ങൾ പങ്കെടുത്തു.
*വെള്ളൂന്നി:-* കണിച്ചാറിലെ ശിശുഭവൻ സന്ദർശിക്കുകയും 2000 രൂപയുടെ ഭക്ഷ്യവസ്തുക്കളും മറ്റും നൽകുകയും ആശംസകൾ നേരുകയും ചെയ്തു.

*നെയ്ക്കുപ്പ:-* മാതൃദിനത്തിൽ അമ്മമാരെ ആദരിച്ചു. മേഖലാ ഏയ്ഞ്ചൽ മീറ്റിൽ പങ്കെടുത്തു.

*നടവയൽ:-* 8 നോമ്പ് ആചരണത്തിൽ ആഘോഷമായ റാലി നടത്തി. കലാമത്സരത്തിൽ മേഖല ഒന്നാംസ്ഥാനം നേടി. രോഗീസന്ദർശനം നടത്തി. മിഷൻമാസത്തിനൊരുക്കമായി വിളംബര സൈക്കിൾ റാലി നടത്തി.

**ഉപന്യാസ രചന മത്സരം**

ചെറുപുഷ്പ മിഷൻലീഗ് മൂലങ്കാവ് ശാഖയുടെ ആഭിമുഖ്യത്തിൽ പ്രേഷിതവർഷ മിഷൻ മാസാചരണത്തിന്റെ ഭാഗമായി സംഘടനാ സ്ഥാപക നേതാവ് പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ) അനുസ്മരണാർത്ഥം സംസ്ഥാനതലത്തിൽ ഉപന്യാസ മത്സരം നടത്തുന്നു. “ആധുനിക ലോകത്തിൽ പ്രേഷിത പ്രവർത്തനം” എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സൃഷ്ടികൾ 8 പേജിൽ കവിയരുത്. സൃഷ്ടികൾ നവംബർ 15-ന് മുമ്പ് സെക്രട്ടറി, ചെറുപുഷ്പ മിഷൻലീഗ്, സെന്റ്. ജൂഡ്സ് ചർച്ച്, മൂലങ്കാവ് (പി.ഒ.) സുൽത്താൻ ബത്തേരി, വയനാട് എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് - 9400625489, 04935-225489, 9961123928.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**

സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

സ്നേഹമുള്ള യുവജന സുഹൃത്തുക്കളേ,

കഴിഞ്ഞ ഒന്ന് രണ്ട് മാസങ്ങളായി കെ.സി.വൈ.എം. അംഗങ്ങൾ വിവിധ മത്സരങ്ങളിലൂടെ കടന്നുപോവുകയായിരുന്നു. യൂണിറ്റ്, മേഖലാ, രൂപതാതല മത്സരങ്ങൾ സമാപിച്ചപ്പോൾ പ്രകടമായ ആവേശവും സഹകരണവുമെല്ലാം നന്ദിയോടെ ഓർമ്മിക്കുന്നു. വിവിധ സമിതികൾ അവരുടേതായ തലങ്ങളിൽ സംഘാടക മികവോടുകൂടി കലോത്സവങ്ങൾ നടത്തുകയുണ്ടായി. ബഹു.മേഖലാ ഡയറക്ടറച്ചൻമാരെയും, ആനിമേറ്റർമാരെയും മേഖലാ സമിതിയിലെ മറ്റ് അംഗങ്ങളെയും അഭിനന്ദിക്കുകയും രൂപതാ സമിതിയുടെ നന്ദി അറിയിക്കുകയും ചെയ്യുന്നു. അതുപോലെ രൂപതാസമിതി അംഗങ്ങളെയും സീനിയർ അംഗങ്ങളെയും അഭിനന്ദിക്കുന്നു.

മേഖലാതല മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ യൂണിറ്റുകളെയും രൂപതാ മത്സരത്തിൽ ആദ്യമൂന്നു സ്ഥാനങ്ങൾ നേടിയ മേഖലകളെയും അഭിനന്ദിക്കുന്നു. ഒപ്പം വിജയം നേടിയവർക്ക് സംസ്ഥാന മത്സരത്തിന് ആശംസ നേരുകയും ചെയ്യുന്നു.

മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചവരും പരാജയപ്പെട്ടവരും തങ്ങളുടെ വ്യക്തിത്വ വളർച്ചയിൽ എന്ത് മാറ്റമാണ് ഈ മത്സരങ്ങൾ വരുത്തിയിരിക്കുന്നത് എന്ന് ഒന്ന് പരിശോധിക്കുന്നത് നല്ലതാണ്. ഇവയൊക്കെ നമ്മുടെ യുവത്വം കൂടുതൽ പക്വത പ്രാപിക്കുന്നതിലേക്ക് നയിക്കേണ്ടതാണ്. അങ്ങനെ സംഭവിച്ചിട്ടില്ലെങ്കിൽ വ്യക്തിത്വത്തിന് കോട്ടം സംഭവിക്കാൻ ഇടയായെങ്കിൽ എവിടെയാണ് അപാകത എന്ന് കണ്ടെത്തി പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്. വിജയത്തെയും പരാജയത്തെയും ഒരേ മനസ്സോടെ നോക്കികാണുകയാണ് വേണ്ടത്. ജഡ്ജസിന്റെ തീരുമാനത്തെ സ്വീകരിക്കാൻ സാധിക്കുക എന്നത് മറ്റുള്ളവരെ

അംഗീകരിക്കുന്നതിന് തുല്യമാണ്, ഒപ്പം മറ്റുള്ളവരുടെ കഴിവിനെയും. അങ്ങനെ നമ്മുടെ ഓരോ പ്രവർത്തനങ്ങളും വിശ്വസാഹോദര്യ മനോഭാവത്തോടെ നടത്തുവാൻ നമുക്ക് സാധിക്കട്ടെ. അങ്ങനെ നമുക്ക് പക്വതയിലേക്ക് വളരാം.

സ്നേഹത്തോടെ,
**ടോമിയച്ചൻ**

**രൂപതാ സാഹിത്യ മത്സരങ്ങൾ**

കെ.സി.വൈ.എം. രൂപതാ സാഹിത്യ മത്സരങ്ങൾ അതതുമേഖലകളിൽ വച്ച് മേഖലാ ഭാരവാഹികളുടെ സഹായത്തോടുകൂടി സെപ്റ്റംബർ 21-ാം തീയതി രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ നടന്നു. മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നൽകിയ - സഹായങ്ങൾ നൽകിയ ഏവർക്കും കെ.സി.വൈ.എം. പ്രസ്ഥാനം നന്ദിയർപ്പിക്കുന്നു.

**രൂപത PEARL കലാ മത്സരങ്ങൾ**

രൂപതാ PEARL കലാ മത്സരങ്ങൾ ന്യൂമാൻസ് കോളേജിൽ വച്ച് സെപ്റ്റംബർ 5-ാം തീയതി നടന്നു. രാവിലെ പ്രസിഡന്റ് പതാക ഉയർത്തിയതോടുകൂടി ആരംഭിച്ച പ്രോഗ്രാമിന്റെ ഉദ്ഘാടന സമ്മേളനത്തിന് രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ അദ്ധ്യക്ഷത വഹിക്കുകയും രൂപത ഡയറക്ടർ ഫാ. ടോമി പുത്തൻപുരക്കൽ ഉദ്ഘാടനം നടത്തുകയും രൂപതാ ആനിമേറ്റർ സി. വിൻസി ജോൺ എഫ്.സി.സി. ആശംസകൾ അർപ്പിക്കുകയും ചെയ്തു. തുടർന്ന് അഞ്ച് സ്റ്റേജുകളിലായി നടന്ന കലാ മത്സരങ്ങൾ രൂപതയിലെ യുവജനങ്ങളുടെ കലാപരമായ കഴിവുകളെ കൂടുതൽ മികവുറ്റതാക്കി മാറ്റുന്നതിന് ഏറെ സഹായിച്ചു. മേഖലകൾ തമ്മിൽ നടന്ന മത്സരങ്ങൾ ഓരോ ഇനങ്ങൾ പിന്നിടുന്തോറും കൂടുതൽ മത്സരവാശിയോടും എന്നാൽ സമാധാനത്തോടുമാണ് മുന്നേറിയത്. വൈകിട്ട് മത്സര ഇനങ്ങൾ പൂർത്തിയായപ്പോൾ 143 പോയിന്റുകളുമായി മാനന്തവാടി മേഖല ഒന്നാം സ്ഥാനത്തും 126 പോയിന്റുകളോടെ കല്ലോടി മേഖല രണ്ടാം സ്ഥാനത്തും 109 പോയിന്റുകളോടെ പയ്യംമ്പള്ളി മേഖല മൂന്നാം സ്ഥാനത്തും എത്തി. മാനന്തവാടി മേഖലയിലെ ഏലപ്പീടിക ഇടവകയിലെ ബിജു ചിറ്റേടത്ത് കലാപ്രതിഭാപട്ടവും നടവയൽ മേഖല നടവയൽ യൂണിറ്റ് അംഗം ജ്യോതിസ് പള്ളത്ത് കലാതിലക പട്ടവും കരസ്ഥമാക്കി. വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും മികച്ച മേഖലകൾക്കുള്ള ട്രോഫികളും സമാപന സമ്മേളനത്തിൽ വച്ച് രൂപതാ ഡയറക്ടർ വിതരണം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ നന്ദി പറഞ്ഞതോടുകൂടി രൂപത

പേൾ മത്സര പ്രോഗ്രാം അവസാനിച്ചു. മത്സരങ്ങൾ നടത്തുന്നതിന് വേണ്ട സഹായ സഹകരണങ്ങൾ ചെയ്തുതന്ന ന്യൂമാൻസ് കോളേജ് അധികൃതർ, ജഡ്ജ്മെന്റിന് സഹായിച്ചവർ, മത്സര നടത്തിപ്പിന് നേതൃത്വം നൽകിയ രൂപത സിൻഡിക്കേറ്റ് സെക്രട്ടറിയേറ്റ് അംഗങ്ങൾ തുടങ്ങിയവർക്കും പങ്കെടുത്തവർക്കും കെ.സി.വൈ.എം. അംഗങ്ങൾക്കും പ്രസ്ഥാനം ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു.

**PEARL - 2011 സാഹിത്യ മത്സരവിജയികൾ**

**1. കഥാരചന**

| | | | |
|---|---|---|---|
| I A | അനുമോൾ ചിരിയംകണ്ടത്തിൽ | മൂലങ്കാവ് | ബത്തേരി |
| II A | സ്റ്റെഫി നെല്ലിക്കുന്നേൽ | ആലാറ്റിൽ | മാനന്തവാടി |
| III A | ലിറ്റി വെണ്ടർമ്യാലിൽ | പുതിയിടംകുന്ന് | കല്ലോടി |

**2. കവിതാ രചന**

| | | | |
|---|---|---|---|
| I A | അഞ്ജലി കറുത്തേടത്ത് | ടൗൺചർച്ച് | മാനന്തവാടി |
